T61
K81

2

പൌണ്ഡ്രകവധം

കഥകളി.

കെ. കൊച്ചുണ്ണിത്തമ്പുരാൻ അവർകളാൽ

എഴുതപ്പെട്ട

'ഭാവപ്രകാശവ്യാഖ്യാന'ത്തോടു കൂടിയതു്.

ബി. വി. ബുക്ക ഡിപ്പോ,

തിരുവനന്തപുരം.

(പകർപ്പവകാശം)

T6A
K81

തിരുവനന്തപുരം

"കമലാലയ" അച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടതു്.

൧൦൮൩

കാപ്പി—൫൦൦

വില ചക്രം ൪.

DEFENCE ... LIBRARY No. 2581

പൌണ്ഡ്രകവധം

കഥകളി

ഭാവപ്രകാശവ്യാഖ്യാനം.

DHARMARAM COLLEGE BANGALORE 4196

ശങ്കരാഭരണം രാഗം.

ശ്ലോകം— പുഷ്യത്സൌരഭപാരിജാതകുസുമ-
ദ്വാരസ്തോരണസ്രഗ്വിണീം
ദ്യാമേവ പ്രതിബിംബിതാം ജലനിധൌ
യാ മാശശങ്കേ ജനഃ
സാകം നിഷ്ഠ്യൂതിമല്പ്രതാപഗരിമ-
ഭ്രാജിഷ്ണുഭി വൃഷ്ണിഭിഃ
ശ്രീകൃഷ്ണസ്സസുഖം സഗർഭ്യസഹിത-
സ്താമാവസദ്ദ്വാരകാം.

വ്യാഖ്യാനം.

അന്വയം — ജനഃ പുഷ്യത്സൌരഭപാരിജാതകുസുമദ്വാരസ്തോരണസ്രഗ്വിണീം ജലനിധൌ പ്രതിബിംബിതാം യാം ദ്യാം ഏവ ആശശങ്കേ; ശ്രീകൃഷ്ണഃ സഗർഭ്യസഹിതഃ നിഷ്ഠ്യൂതിമല്പ്രതാപഗരിമഭ്രാജിഷ്ണുഭിഃ വൃഷ്ണിഭിഃ സാകം താം ദ്വാരകാം സസുഖം ആവസൽ.

അർത്ഥം — ജനം പുഷ്യത്തുകളായും (വളരെ) സൌരഭങ്ങളായും (സുഗന്ധം ഉള്ള) ഇരിക്കുന്ന പാരിജാതകുസുമങ്ങളെക്കൊണ്ടു (കല്പവൃക്ഷത്തിന്റെ പൂക്കൾ) ദ്വാരത്തിങ്കൽ (നട) തോരണസ്രഗ്വിണിയായി (തോരണമാലയോടുകൂടിയതു്) ജലനിധിയിൽ (സമുദ്ര.) പ്രതിബിംബിതയായിരിക്കുന്ന (നിഴലിച്ചുകാണപ്പെടുന്നതു്) യാതൊന്നിനെ (ദ്വാരക) ദ്യോവെന്നുതന്നെ ആശങ്കിച്ചു (സംശയിക്കു); ശ്രീകൃഷ്ണൻ സഗർഭ്യസഹിതനായിട്ടു് (സഹജന്മാരോടു

കൂടി, കൂടെപ്പിറന്നവനോടുകൂടി) നിസ്തുലമ (അസാധാരണം) മായിരിക്കുന്ന പ്രതാപഗരിമാവു (പ്രതാപമഹിമാവു) കൊണ്ടു് ഭ്രാജിഷ്ണുക്കളായിരിക്കുന്ന (ശോഭിക്കുന്ന) വൃഷ്ണികളോടുകൂടെ (യാദവന്മാർ) ആ ദ്വാരകയിങ്കൽ സുഖമാകുംവണ്ണം ആവസിച്ചു (താമസിച്ചു) ഭ്രാന്തിമദലങ്കാരം, ശാർദ്ദൂലവിക്രീഡിതം വൃത്തം.

സാരം — അതിസൌരഭ്യങ്ങളായ കല്പവൃക്ഷകുസുമങ്ങളെക്കൊണ്ടു നടയിൽ തോരണം തൂക്കപ്പെട്ടിട്ടുള്ളതും സമുദ്രത്തിൽ പ്രതിബിംബിച്ചു കാണപ്പെടുന്നതും ആയ ദ്വാരക അമരാവതിയാണെന്നുതന്നെ ജനങ്ങൾ ശങ്കിച്ചു പോയി; അങ്ങിനെ സർവ്വൈശ്വര്യസമ്പന്നയായ ആ ദ്വാരകയിൽ ശ്രീകൃഷ്ണഭഗവാനാകട്ടെ ബലരാമനോടും കൂട്ടരോടും കൂടി സുഖമാകുംവണ്ണം എഴുന്നെള്ളി താമസിക്കയായിരുന്നു.

കല്യാണി — ചെമ്പട.

ശ്ലോ. ൮. താദൃക്സ്വൈരവിഹാരമേദുരസുഖം
വൃന്ദാവനേ പാവനേ
താദൃങ്നന്ദയശോദയോരനുദിനം
ബാല്യേ ച സംലാളനം
സ്മാരം സ്മാരമഥൈകദാ കരുണയാ-
വിഷ്ടസ്സമാചഷ്ടതം
രാമം നിർമ്മലകീർത്തിപൂരകുസുമാ-
രാമം രമാവല്ലഭഃ

അന്വയം — അഥ ഏകദാ രമാവല്ലഭഃ പാവനേ വൃന്ദാവനേ താദൃക്സ്വൈരവിഹാരമേദുരസുഖം താദൃങ്നന്ദയശോദയോഃ അനുദിനം ബാല്യേ സംലാളനം ച സ്മാരം സ്മാരം നിർമ്മലകീർത്തിപൂരകുസുമാരാമം തം രാമം കരുണയാ ആവിഷ്ടഃ സമാചഷ്ട.

അർത്ഥം — അനന്തരം ഒരിക്കൽ രമാവല്ലഭൻ (കൃഷ്ണൻ) പാവനമായിരിക്കുന്ന (പരിശുദ്ധ) വൃന്ദാവനത്തിലെ അങ്ങിനെയുള്ള സ്വൈരവിഹാരം (ഇച്ഛാസഞ്ചാരം) കൊണ്ടു മേദുരമായ (വർദ്ധിച്ച) സുഖത്തേയും അങ്ങിനെയുള്ള നന്ദയശോദകളുടെ ദിവസംതോറും ബാല്യത്തിലെ സംലാളനത്തേയും സ്മരിച്ചിട്ടു സ്മരിച്ചിട്ടു (ഏറ്റവും സ്മരിച്ചിട്ടു്) നിർമ്മലങ്ങളായ കീർത്തിപൂര (കീർത്തിസമൂഹ) ങ്ങളാകുന്ന കുസുമങ്ങൾക്കു് ആരാമ (ഉദ്യാനം) മായിരിക്കുന്ന ആ രാമനോടു കരുണയോടുകൂടി ആഖ്യാനംചെയ്തു (പറഞ്ഞു). സ്മരണാല

ങ്കാരം, ശാർദ്ദൂലവിക്രീഡിതം വൃത്തം. 'നന്ദയശോദയോഃ' എന്നുള്ള പ്രയോഗം ചിന്തനീയമാണ്.

സാരം — അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ ഭഗവാൻ, ഗോപികാഗോപന്മാരോടും ഗോക്കളോടുംകൂടി ആനന്ദവനത്തിൽ സ്വേച്ഛപോലെ സഞ്ചരിച്ച് അനുഭവിച്ചിട്ടുള്ള സുഖത്തേയും യശോദാനന്ദഗോപന്മാർ ചെറുപ്പത്തിൽ ലാളിച്ചിട്ടുള്ള കഥയേയും നല്ലപോലെ ഓർത്തു വിഷാദിച്ച് പരമയോഗ്യനായ തന്റെ ജ്യേഷ്ഠനോട്ട് അതികരുണയോടുകൂടി ഇങ്ങിനെ പറഞ്ഞു:—

പദം— ആര്യ! ഹലായുധ! കേൾക്കഗിരം മേ
ശൌര്യഗുണാംബുനിധേ!
കാര്യമിതൊന്നുരചെയ്തീടുന്നേൻ
കനിവിനൊടതുകേട്ടരുളുക വീര!— ആര്യ!

ശൈശവകാലേ പോഷിതരായ് നാം
യശോദാനന്ദന്മാരുടെ കൃപയാ
ക്ലേശംപൂണ്ടവർ വാണീടുന്നു
കേവലമിഹ നമ്മുടെ വിരഹേണ— ആര്യ!

ബന്ധുരമാം വചനംകൊണ്ടവരുടെ
സന്താപം തീർത്തിടുവതിന്നായി
നിന്തിരുവടിയുടെ തിരുമനതാരിൽ
ഹന്ത! കൃപാലവമുണ്ടാകേണം— ആര്യ!

ഗുരുജനതോഷംകൊണ്ടിജ്ജന്മം
ഗുരുതരഫലമാർന്നിടുമെന്നു
പരമതപോധനന്മാർ പറയുന്നു
പരിചിനൊടതുഭുവി വിശ്രുതമല്ലോ— ആര്യ!

അർത്ഥം — അല്ലയോ ആര്യ (പൂജ്യ), ശൌര്യഗുണങ്ങൾക്ക് അംബുനിധി (സമുദ്ര) യായുള്ളോനേ ഹലായുധ = ബലഭദ്ര, മേ = എന്റെ, ഗിരിനെ (വാക്ക്) നീ കേൾക്ക; ഇതാ ഒന്ന് = ഒന്ന്, കാര്യം (ഞാൻ) ഉരചെയ്തീടുന്നേൻ (പറയുന്നേൻ); വീര കനിവിനോട് അതുകേട്ട് അരുളുക (ഉത്തരം പറയുക); ബന്ധുര (മനോഹര, മധുര) മായ വചനം കൊണ്ട് അവരുടെ = യശോദാനന്ദഗോപന്മാരുടെ, സന്താപത്തെ തീർത്തിടുവതിന്നായി നിന്തിരുവടിയുടെ തിരുമനതാരിൽ (തിരുവുള്ളത്തിൽ) കൃപാലവം = കൃപാലേശം, ഉണ്ടാകേണം =

ഉദിമക്കണം; ഗുരുജന=അച്ഛനമ്മമാർ, തോഷം=സന്തോഷം, കൊണ്ട് ഈ ജന്മം ഗുരുതര (ഏററവും ഗുരുവായ) മായ ഫലമായ് വന്നിട്ടും എന്ന് പരമതപോധനന്മാർ (വസിഷ്ഠാദികൾ) പറയുന്നു; പരിചിനൊട്ട (നല്ല പോലെ) ഭുവിൽ=ഭൂമിയിൽ, അതു വിശ്രുതമല്ലോ.

പന്തുവരാളി—ചെമ്പട.

പദം—സോദര! സാധുതരം തവവചനം
ഖേദമിതവരുടെകളവതിനായി
സാദരമങ്ങു ഗമിച്ചീട്ടുന്നേൻ
മോദമിയന്നു വസിച്ചീട്ടുകനീ
ജീവ ചിരം മേ സോദര!
നീതിവിഭാവന നിപുണമതേ!— സോദ

അത്ഥം—സോദര=അനുജാ, തവ=നിൻെറ, വചനം=വാക്ക, സാധുതരം, അവരുടെ, ഖേദം=ദുഃഖം കളവതിനായി സാദരമാകുംവണ്ണം (ആദരവോടുകൂട) അങ്ങു ഗമിച്ചീട്ടുന്നേൻ; നീ മോദം ഇയന്നു=പ്രാപിച്ചു, വസിച്ചീട്ടുക; നീതിവിഭാവന (നീതിവിഷയം)യിൽ നിപുണയായ മതിയോടുകൂടിയവനെ! എൻെറ സോദര! നീ ചിരം=വളരെക്കാലം, ജീവ=ജീവിച്ചാലും, (ലോ-പ-മ-പു-ഏ-വ.)

കാമോദരി—ചമ്പ

ശ്ലോ—ന. ഉക്തൈ്വവംവനമാലിനംതദനുതൽ
സംപ്രാപ്തവാൻഗോകുലം
താതം ദുസ്സഹവിപ്രയോഗദഹന-
ക്ലിഷ്ടംപ്രഹൃഷ്ടാശയഃ
വക്ത്രാംഭോജമരന്ദസാന്ദ്രലഹരീ-
സന്ദോഹശങ്കാവഹൈ-
ർവ്യാഹാരൈശ്ശിശിരീചകാര തരസാ
നന്ദംമുകുന്ദാഗ്രജഃ

അന്വയം—തദനുമുകുന്ദാഗ്രജഃ വനമാലിനം ഏവം ഉക്ത്വാതൽ ഗോകുലം സംപ്രാപ്തവാൻ പ്രഹൃഷ്ടാശയഃ വക്ത്രാംഭോജമരന്ദസാന്ദ്രലഹരീ സന്ദോഹശങ്കാവഹൈഃ വ്യാഹാരൈഃ ദുസ്സഹവിപ്രയോഗദഹനക്ലിഷ്ടം താതം നന്ദം തരസാ ശിശിരീചകാര

അൎത്ഥം — അനന്തരം മുകുന്ദാഗ്രജൻ = ബലഭദ്രൻ, വനമാലി (കൃഷ്ണൻ) യോട്ട് ഇപ്രകാരം വചിച്ചിട്ടു (പറയുക) ആ ഗോകുലത്തെ (അമ്പാടി) സംപ്രാപ്തവാനായി (എത്തീട്ട്) പ്രഹൃഷ്ട (സന്തോഷിപ്പിക്കപ്പെട്ട) മായ ആശയ (മനസ്സു) ത്തോടു കൂടിയവനായിട്ടു വക്ത്രാംഭോജത്തിലെ (മുഖകമലം) മരന്ദത്തിന്റെ (തേൻ) സാന്ദ്ര (ഇടതൂൎന്ന) യായലഹരി (മഴക്ക) യുടെ സന്ദോഹം (സമൂഹം) എന്നുള്ള ശങ്കാവഹ (സംശയമുണ്ടാക്കുന്ന) ങ്ങളായിരിക്കുന്ന വ്യാഹാര (ഉക്തി) ങ്ങളെക്കൊണ്ടു ദുസ്സഹ (സഹിക്കാൻവയ്യാത്ത) മായ വിപ്രയോഗദഹനനാൽ (വിരഹാഗ്നി) ക്ലിഷ്ട (ക്ലേശിപ്പിക്കപ്പെട്ടതു) മായിരിക്കുന്ന താതനാകുന്ന നന്ദനെ വേഗത്തിൽ ശിശിരീകരിപ്പിച്ചു = തണുപ്പിച്ചു.

സാരം — അപ്പോൾതന്നെ ബലഭദ്രൻ ശ്രീകൃഷ്ണനോടു യാത്രപറഞ്ഞു അമ്പാടിയിൽ സന്തോഷമനസ്സനായിട്ടു എത്തി; വളരെക്കാലമായി തങ്ങളെ കാണാതെ വ്യസനിച്ചുംകൊണ്ടിരിക്കുന്ന അച്ഛനെ സരസങ്ങളായ കുശലപ്രശ്നങ്ങളെക്കൊണ്ടു് ഉടനെതന്നെ സന്തോഷിപ്പിച്ചു.

പദം — ജനക! മമ ശൃണു ഗിരം ജയ കൃപാവസതേ!
കനിവിനൊടു നിന്നുടയ കഴലിണതൊഴുന്നേൻ
—ജനക

അനുദിനം ഞങ്ങളുടെ അനുലാളനത്തിനിഹ
ആനമനമല്ലാതെ അപരമെന്തുള്ളു— ജനക
ചിരവിരഹദാഹമിതുവിരവിനൊടുകളവതിനു
തരികപരിരംഭണം തരുണേന്ദുവദന!
തനയ! മമ ശൃണു ഗിരം വിനയഗുണവസതേ!

ദൈവഹതശോകയായി ദേവകീദേവി വസുദേവനോ-
ടൊന്നിച്ചുമേവിടുന്നോ മുദാ— തനയ
മന്ദഹസിതം തൂകി മധുരമൊഴിയെന്തു മമ നന്ദനൻ
ചൊന്നതുമമന്ദമിഹ ചൊൽക നീ— തനയ
ഇങ്ങിനെ വാഴുന്ന ഞങ്ങളെ ഗോവിന്ദൻ എങ്ങിനെ കാ-
ണാതെ അങ്ങുവാഴുന്നു— തനയ
പ്രേമരസമിയലുന്ന ദാമോദരാനനം താമസം കൂടാതെ
താത! കാണാവതു— ജനക

അൎത്ഥം = കൃപാവസതേ! (കരുണക്കു് ഇരിപ്പെടമായ) ജനക! (അച്ഛാ) അവിടുന്നു ജയിച്ചാലും (സൎവ്വോൽകൎഷേണ വൎത്തിച്ചാലും) മമ = എ

ന്റെ, ഗിരിയെ, രേ, സ്ത്രീ, ദ്വി. ഏ. വ, ശ്രവിച്ചാലും (കേട്ടാലും) ലോ. പ. മ പു. ഏ. വ., കനിവിനോടു (ദയയോടെ) നിന്നുടയ (നിന്റെ) കഴലിണ=പാദങ്ങൾ, തൊഴുന്നേൻ, (പല്ലരെക്കാലം ഞങ്ങളെ ലാളിച്ചിട്ടുള്ളതിനു ഇപ്പോൾ തൃപ്പാദത്തിൽ വീഴുകയല്ലാതെ വേറെ ഒന്നുംതന്നെ ചെയ്യാൻ കാണുന്നില്ല) തരുണേന്ദുവദന! (പൂർണ്ണചന്ദ്രനെപ്പോലെയുള്ള മുഖത്തോടു കൂടിയവളേ!) ചിരകാലമായിട്ടുള്ള വിരഹദാഹത്തെ (വിരഹസന്താപം) വിരവിനൊടു (വേഗത്തിൽ) കളവതിനു (കളയുന്നതിനു) പരിരംഭണം (ആലിംഗനം) തരിക. വിനയഗുണങ്ങൾക്കു വസതി (ഇരിപ്പിട) ആയുള്ളോവേ! തനയ! (പുത്ര!) എന്റെ ഗിരിനെ ശ്രവിച്ചാലും; ദേവകീദേവി ദൈവ (ഭാഗ്യം) ത്താൽ ഹതശോക (ദുഃഖം നശിച്ചവൾ) യായി വാസുദേവനോടൊന്നിച്ചു മുദാ=സന്തോഷത്തോടെ മേവീടുന്നു; മമ നന്ദനൻ (പുത്രൻ) മന്ദഹസിതം തൂകി (മന്ദഹാസംപൂണ്ടു) മധുരമൊഴി എന്തു ചൊന്നതു് അതു് അമന്ദം (വേഗം) നീ ചൊൽക; ഇങ്ങിനെ വാഴുന്ന=കൃഷ്ണനെക്കാണാതെ വളരെ വ്യസനിച്ചുകൊണ്ടിരിക്കുന്ന, ഞങ്ങളെ എങ്ങിനെ കാണാതെ ഗോവിന്ദൻ അങ്ങു (ദ്വാരകയിൽ) വാഴുന്നു; താത! പ്രേമരസം (ശൃംഗാരം) ഇയലുന്ന=കൂടിയ, ദാമോദര (കൃഷ്ണ)ന്റെ ആനനം=മുഖം, താമസംകൂടാതെ കാണായ്വരും (കാണ്മാൻ സംഗതിവരും.)

കാമോദരി—ചമ്പ.

ശ്ലോ—ർ. കല്യാണഭൂമിധരകാർമ്മുക തുല്യതേജാഃ
കല്യാണിനീം വിരഹശോകകൃശാം യശോദാം
രാമോഭിവന്ദ്യ വചനൈരമൃതായമാനൈ
രാമോദിതാമനു ചകാര വിതായമാനൈഃ

അന്വയം. കല്യാണഭൂമിധരകാർമ്മുക തുല്യതേജാഃ രാമഃ അമൃതായമാനൈഃ വിതായമാനൈഃ വചനൈഃ കല്യാണിനീം വിരഹശോകകൃശാം യശോദാം അഭിവന്ദ്യ ആമോദിതാം അനുചകാര.

അർത്ഥം—കല്യാണഭൂമിധരൻ (മഹാമേരു) കാർമ്മുകം (വില്ല) ആയിട്ടുള്ളവനോടു (ശിവൻ) തുല്യമായ തേജസ്സോടുകൂടിയ രാമൻ (ബലരാമൻ) അമൃതായമാനങ്ങൾ (മനോഹരങ്ങൾ) ആയി വിതായമാനങ്ങൾ (വിസ്തൃതങ്ങൾ) ആയിരിക്കുന്ന വചനങ്ങളെക്കൊണ്ടു- കല്യാണിനിയായി (നല്ലവൾ) വിരഹശോകംകൊണ്ടു കൃശയായിരിക്കുന്ന യശോദയെ അഭിവന്ദിച്ചിട്ടു് ആമോദിത (സന്തോഷിക്കപ്പെട്ട) യാക്കിച്ചെയ്തു. ചകാര, ലി. പ. പ്ര. ഏ. വ്. ശിവനെപ്പോലെ കാന്തിമാനായ ബലരാമൻ വിരഹദുഃഖംകൊണ്ടു സന്താപിച്ചിരിക്കുന്ന യശോദയെ കല്ലമൊഴികളെക്കൊണ്ടു ആശ്വസിപ്പിച്ചു സന്തോഷപ്പെടുത്തി.

പദം— അവതംസയാമി പദകമലേ അംബ!
തവ തനയനാഹമധികവിമലേ,
മാതൃസമദൈവതംലോകേ അംബ!
മഹിതചരിതേ! നഹിവിലോകേ,

ബലദേവ! ജീവചിരകാലം ഭൂമി-
വലയേ വിധൂതരിപുജാലം,
സ്മരസികിമു മാ മമലമൂൎത്തേ! ബാല!
സ്മരഹരസമകീൎത്തേ

നീതിമാനങ്ങുവനമാലീ സൈ്വരം
നിവസതി കിമതുലഗുണശാലീ,
കണ്ണനുടെ പൂമേനിയെന്നുകണ്ടു
കണ്ണിണകൾ സഫലമാകുന്നു.

മുരവൈരിതന്റെ മൃദുവാദംകേൾപ്പാൻ
മനസി വളരുന്നു മമ മോദം,
അരുതരുതതിനിഹ വിഷാദം
കണ്ണൻ അരികിൽ വരുമതിനുന്ന വിവാദം.

അൎത്ഥം—അംബ! തവ=നിന്റെ, തനയനായ ഞാൻ അധികവിമലങ്ങളായ (ഏററവും പരിശുദ്ധങ്ങൾ) പദകമലങ്ങളെ അവതംസ (ശിരോലങ്കാര) മാക്കുന്നു. ല. പ. ഉ. പു ഏ. വ; മഹിതചരിതേ! അംബ! മാതാവിനോടു സമമായ ദൈവതം (ദൈവം) ലോകത്തിൽ നഹിവിലോകേ (ഞാൻ കണ്ടിട്ടില്ല) ലി. ആ. പ. ഉ. പു ഏ. വ; ബലഭദ്രന്റെ വാക്കാണ്. ബലദേവ! നീ ചിരകാലം ഭൂമിവലയത്തിൽ (ഭൂമി) വിധൂതമായ (നശിപ്പിക്കപ്പെട്ട) രിപുജാല (ശത്രുസമൂഹ) മായിട്ടു ജീവിച്ചാലു; അമലമൂൎത്തേ (നിൎമ്മലഗാത്ര!) സ്മരഹരനോടും (ശിവൻ) ശശാങ്ക (ചന്ദ്രൻ) നോടും സമ (തുല്യ) യായ കീൎത്തിയോടുകൂടിയവനേ! ബാല! നീ മാം (എന്നെ) കിമു സ്മരസി=സ്മരിക്കുന്നില്ലേ! നീതിമാനായ വനമാലീ=കൃഷ്ണൻ, അതുലങ്ങളായ (സാദൃശ്യമില്ലാത്ത; അനവധി) ഗുണങ്ങളോടുകൂടിയിട്ടു സൈ്വരമാകുംവണ്ണം നിവസതികിം (നിവസിക്കുന്നില്ലേ) കിം ശബ്ദത്തിന് ഇവിടെ ചോദ്യാൎത്ഥത്തിലാണ് താല്പൎയ്യം; കണ്ണനുടെ (ഭഗവാന്റെ) പൂമേനി=പൂവിനോടു സമമായ ശരീരം, എന്നുകണ്ടു കണ്ണിണകൾ (കണ്ണുരണ്ടു) സഫലമാകുന്നു, നല്ല വസ്തുക്കളെ കാണുമ്പോളാണല്ലോ നയനസാഫല്യം സംഭവിക്കുന്നതു്. മുരവൈരി=കൃഷ്ണൻ, മൃദുവാദം (മാൎദ്ദവ

ത്തോടുകൂടിയ ശബ്ദം) മനസി=മനസ്സിൽ; അതിന് ഇഹവിഷാദം അരുത് അരുത് (കഷ്ടം വിഷാദിക്കേണ്ട) കണ്ണൻ അരികിൽ (അടുത്തു) വരും, അതിന് (വരുന്നതിനു്) ന വിവാദം (സംശയമില്ല).

ശങ്കരാഭരണം—ചെമ്പട.

ശ്ലോ. ൭. സൈ്വരംകൈരവബന്ധുബന്ധുരകര-
ശ്രേണീകൃപാണീലതാ-
ലൂനപ്രൌഢതമസ്തമാലഗഹനേ
ഹാലാം പിബൻമോഹനേ
മാദ്യൽകോകിലകാമിനീകളവചോ-
വാചാലിതാശാന്തരേ
രേമേ രൈവതകാചലേ സഹവധൂ-
ജാലേന നീലാംബരഃ

അന്വയം— നീലാംബരഃ കൈരവബന്ധുബന്ധുരകരശ്രേണീ കൃപാണീലതാലൂനപ്രൌഢതമസ്തമാലഗഹനേ മോഹനേ മാദ്യൽകോകിലകാമിനീകളവചോവാചാലിതാശാന്തരേ രൈവതകാചലേ ഹാലാം പിബൻ വധൂജാലേന സഹ സൈ്വരം രേമേ.

അൎത്ഥം—നീലാംബരൻ (ബലരാമൻ) കൈരവബന്ധു (ചന്ദ്രൻ) വിന്റെ ബന്ധുരങ്ങളായ (മനോഹരങ്ങൾ) കരങ്ങളുടെ (രശ്മികൾ) ശ്രേണികൾ (കൂട്ടം) ആകുന്ന കൃപാണീലത (വളഞ്ഞവാൾ) യാൽ ലൂനമായ (അറുക്കപ്പെട്ട, നശിപ്പിക്കപ്പെട്ട) പ്രൌഢതമസ്സോടുകൂടിയിരിക്കുന്ന (മഹാന്ധകാരം) തമാലഗഹന (പച്ചിലക്കാട്) ത്തോടു കൂടിയതായി മോഹന (മനോഹരം) മായി മാദ്യത്തുകളായിരിക്കുന്ന (മദിക്കുന്നവ) കോകിലകാമിനികളുടെ (കുയിൽപ്പേടകൾ) കളവചസ്സുകളാൽ (അവ്യക്തമധുരങ്ങളായ വാക്കുകൾ) വാചാലിതമായിരിക്കുന്ന (ശബ്ദായമാനം) ആശാന്തരത്തോടുകൂടിയിരിക്കുന്ന 'രൈവതകം' എന്നു പ്രസിദ്ധമായ അചലത്തിൽ (പൎവ്വതം) ഹാലയെ (മദ്യം) പിബന്നായിട്ടു (കുടിക്കുന്നവൻ) വധൂജാലത്തോടുകൂടി സൈ്വരമാകുംവണ്ണം രമിച്ചു (ക്രീഡിച്ചു).

സാരം നല്ല ചന്ദ്രികയോറു് ഇരുട്ടൊക്കെ നിശ്ശേഷം നീങ്ങിയതും കുയിൽപ്പേടകൾ നാലുപുറവും ശബ്ദിച്ചുകൊണ്ടിരിക്കുന്നതും അതിമനോഹരവുമായ രൈവതകപൎവ്വതത്തിൽ ഭാൎയ്യമാരോടുംകൂടി ബലഭദ്രൻ സൈ്വരംപോലെ ക്രീഡിച്ചു.

DEFINITORY ... No. 2481 ... LIBRARY

പദം— മാധവസമയമിദം മധുരതരം
മധുരമൊഴിമാരേ! കണ്ടാലും,
സാധുശീലമാരേ! നാം സമ്പ്രതി മദനനെ
ആരാധനം ചെയ്‌വതിന്നാരാമേ പോകയല്ലീ?-മാധവ.

സുന്ദരിമാരേ! വിപിനം കാൺക
സുരഭിലമതി വിജനം
മന്ദമാരുതവീജനം
നല്ലമദനദഹനദീപനം
കുന്ദലതാഗൃഹമതിരുചിരം
കുസുമഗളിതമധുരസശിശിരം
ചന്ദ്രകരാങ്കുരവിശദതരം
ചടുലപികാഞ്ചിതരവമുഖരം
നന്ദനവിപിനവിനിന്ദനമിതു
കുരുവിന്ദരുചിരുചിര കന്ദളനികരം— മാധവ.

കനകകമലകലികം നല്ല
കമനീയമണിവാലുകം
മനസിജജയസാധകം
നല്ലമരതകമയവേദികം
വനതടഭുവി കമലാകരം
വരതനു! കാൺക മനോഹരം
ഘനമദമധുകരമേദുരം
കളകളഹംസവിഭാസുരം
അനുപമമിതിന്നടെഅനുതടമഴകിനൊ
ടനവധി വിഹരതി വനമൃഗവിസരം— മാധവ.

അൎത്ഥം മധുമൊഴിമാരേ! മധുരതരമായ ഇദം (ഈ) മാധവസമയത്തെ (വസന്തകാലം) കണ്ടാലും; സാധുശീലമാരേ! സമ്പ്രതി (ഇപ്പോൾ) നാം മദനനെ (കാമൻ) ആരാധനം ചെയ്‌വതിനു (പൂജിക്ക) ആരാമ (ഉദ്യാനം) ത്തിൽ പോകയല്ലി?; സുന്ദരിമാരേ! വിപിനം (കാട്ടു) കാൺക (എങ്ങിനെയുള്ളതു്) സുരഭിലം=സൌരഭ്യമുള്ളതു്, അതിവിജനം=അശേഷം ആ

ളില്ലാത്ത, മന്ദമാരുതൻെറ (മന്ദവായു) വീജനം=വീശൽ, നല്ല മദനദഹന ൻെറ (കാമാഗ്നി) ദീപനം (ഉദ്ദീപനം, എരിയുന്ന) കുന്ദലതാഗൃഹം (കരുക്കത്തിമുല്ലവള്ളികളെക്കൊണ്ടുള്ള വീടു) അതിരുചിരം=അതിമനോഹരം, കുസുമത്തിൽ നിന്നു ഗളിത (പുറപ്പെടുന്ന, ഒഴുകുന്ന) മായ മധുരസം (തേൻ) കൊണ്ടു ശിശിരം=തണുത്ത; ചന്ദ്രകര(നിലാവു)ത്തിൻെറ അങ്കുരം (ഉദയം) കൊണ്ടു വിശദതരം, പടുലങ്ങളായ (സമൎത്ഥങ്ങൾ) പികങ്ങളുടെ (കുയിലുകൾ) അഞ്ചിതങ്ങളായ രവം (ശബ്ദം) മുഖരം (ശബ്ദായമാനം) നന്ദനവിപിന (നന്ദനോദ്യാന) ത്തിൻെറ വിനിന്ദനം തിരസ്കാരം, (നന്ദനവനത്തേക്കാൾ നല്ലതു) കുരുവിന്ദ (കുരുക്കുത്തിമുല്ല) ത്തിൻെറ രുചി (കാന്തി) പോലെ രുചിരമായ (മനോഹരം) കന്ദളനികരം (കൂമ്പുകളുടെ സമൂഹം, മുളകൾ) കനകകമലകലികം (പൊൻതാമരകളോടുകൂടിയതു്) നല്ല കമനീയ (മനോഹരം) മായമണിവാലുകം (രത്നംപോലെയുള്ള മണൽത്തരി), മനസിജ (കാമ) ൻെറ ജയസാധകം (ജയത്തിനു വേണ്ടിയതു്) നല്ല മരതകമയവേദികം (നല്ല മരതകക്കല്ലുകളോടുകൂടിയ തിണ്ണ) വനതടഭൂവിൽ (കാട്ടുപ്രദേശം) കമലങ്ങളുടെ (താമരകൾ) ആകരം (ഉണ്ടാവുന്ന സ്ഥലം) മനോഹരം, ഘനമായും മദമായും ഇരിക്കുന്ന മധുകരങ്ങൾ (വണ്ടുകൾ) കൊണ്ടു മേദുരം (തടിച്ചതു്, വർദ്ധിച്ചതു്) കളങ്ങളായ (അവ്യക്തമധുരം) കളഹംസങ്ങളെക്കൊണ്ടു വിഭാസുരം (ശോഭിക്കുന്ന) അനുപമം (സാദൃശ്യം ഇല്ലാത്ത) ഇരിക്കുന്ന ഉദ്യാനത്തെ വരതനു! (സുന്ദരി) കാൺക കാൺക; ഇതിനുടെ=വനത്തിൻെറ, അനുതടം (സമീപത്തൊക്കെ) അഴകിനൊടു് അനവധി ധനമൃഗങ്ങളുടെ വിസരം=കൂട്ടം, വിഹരതി=വിഹരിക്കുന്നു.

എരിക്കല - അടന്ത.

പദം— പ്രാണനായക! ശൃണുമമവചനം ഏണാങ്കസമവദന! കാൺക മാധവവിലാസം —പ്രാണ.

,, മാലതീലതകളാം മാനിനിമാരാലനുവേലമഞ്ചിതനായി കുസുമകുലേന ലോലംബഗാന ലോലസാരംഗമതിലേറി മാലേയപവമാനൻ മന്ദമിതാ വരുന്നു —പ്രാണ.

വൎണ്ണവിജിതഹേമവൎണ്ണയായ് വിലസുന്നു
കൎണ്ണികാരമഞ്ജരി കാൺകയിവിപിനേ
പൂൎണ്ണയൌവനമധുസംഗതവനിയുടെ
കൎണ്ണയുഗകലിത കൎണ്ണികയെന്നുതോന്നും —പ്രാണ.

ശ്യാമളാങ്കമെന്നിതു ശങ്കയെന്തിനു വൃഥാ
വ്യോമതളിമതന്നിൽ യാമിനീരമണി
കാമകേളികൾചെയ്തു കാമം തളൎന്നതിനാൽ
സോമനുടെയുരസി സ്വൈരംശയിച്ചീടുന്നു—പ്രാണ.

അൎത്ഥം — ഏണാങ്ക (ചന്ദ്രൻ) നോടു സമമായ വദന (മുഖം) ത്തോടുകൂടിയവനേ! പ്രാണനായക! എന്റെ വചനം ശ്രവിച്ചാലും, മാധവകാല (വസന്ത)ത്തിന്റെ വിലാസത്തെ കാണുക, മാലതീലതകളാം മാനിനിമാരാൽ (സുന്ദരിമാർ) എല്ലാരുമുഴം കുസുമകുലത്താൽ അഞ്ചിത (പൂജിത) നായി ലോലംബ (ഭ്രമര) ങ്ങളുടെ ഗാന (പാട്ടു) ത്തിൽ ലോല (തല്പര) മായ സാരംഗ (മാൻ) ത്തെയും അതിചേറി (തട്ടിവരുന്ന) മാലയപവമാനൻ (മലയപൎവ്വതത്തിൽ നിന്നുവരുന്ന മന്ദവായു) മന്ദമാകുംവണ്ണം ഇതാ വരുന്നു, അയി (ഹേ) കൎണ്ണികാര (മഞ്ജരി) പുഷ്പകുല, വൎണ്ണംകൊണ്ടു സ്വൎണ്ണത്തെ ജയിച്ചിട്ടു് (സ്വൎണ്ണത്തെക്കാൾ മനോഹരമായിട്ടു്) വിപിന (കാട്ടു്) ത്തിൽ വിലസുന്നു (ശോഭിക്കുന്നു), അതു പൂൎണ്ണയൌവനത്താൽ മധുസംഗതമായ വനി (കാട്ടു്) യുടെ കൎണ്ണയുഗ (രണ്ടു ചെവി) ത്തിൽ കലിത (കെട്ടപ്പെട്ട) മായ കൎണ്ണിക (കൎണ്ണാഭരണം) യെന്നുതോന്നും (ഉൽപ്രേക്ഷാലങ്കാരം), ശ്യാമളാങ്കം എന്നിതു ശങ്ക എന്തിനു വെറുതേ വ്യോമതളിമതന്നിൽ യാമിനിയാകുന്ന (രാത്രി) രമണി (സുന്ദരി) കാമകേളികൾചെയ്തു കാമം (ഏററവും) തളൎന്നതിനാൽ സോമ (ചന്ദ്ര) നുടെ ഉരസ്സിൽ സ്വൈരമാകുംവണ്ണം ശയിച്ചീടുന്നു.

പാടി—ചെമ്പട.

പദം— മരതകമണിമയഭാജനപൂരിത മദിരാരസമിദമധുനാ
മതിമുഖി! സുരഭയ പരിചൊടു നിന്നുടെ മഹിത
മുഖാംബുജമധുനാ,
മധുരജനീമയി സഫലയ സമ്പ്രതി മധുരപാടല
വദനേ!
വിധുകരവിമലശിലാതലസീമനി വരികനീ മന്ഥര
ഗമനേ!
കളരവകളരവ മധുരതരം തവ ഗളതല വിഗളിത
മണിതം കളമൊഴി നിന്നൊഴു മദനശരാസനമിള
ദളിഗണഗുണരണിതം.

അൎത്ഥം—മതിമുഖി (ചന്ദ്രമുഖി) ഈ മരതകമണിമയമായ ഭാജന (പാത്ര) ത്തിൽ പൂരിത (നിറയ്ക്കപ്പെട്ട) മദിരാരസം (തേൻ) ഇപ്പോൾ നിന്നുടെ മഹിത (ശ്രേഷ്ഠ) മായ മുഖാംബുജത്തിൽ പകൎന്നു മണപ്പിച്ചാലും, അയി മധുവിൻെറ മദം കൊണ്ടു പാടല (രക്തവൎണ്ണ) മായ വദനത്തോടു കൂടിയവളേ! രജനിയെ നീ ഇപ്പോൾ സഫലമാക്കിയാലും, മന്ദരഗമനേ! (മന്ദഗാമിനി) നീ വിധുവിൻെറ (ചന്ദ്രൻ) കരംകൊണ്ടു വിമലമായ ശിലാതല (ശിലാപ്രദേശ) ത്തിലേക്കു വരിക, കളരവ (ഒരുജാതി പക്ഷി) ത്തിന്റെ കളമായ രവം (ശബ്ദം) പോലെ മധുരതരമായി ഗളതല (കണ്ഠ) ത്തിൽനിന്നു വിഗളിത (പുറപ്പെടുന്ന) മായ മിഥുനരത (രതികാലത്തിൽ ഉള്ള ശബ്ദം, സീല്ക്കാരം) ത്തോടു കൂടിയിരിക്കുന്ന നിന്റെ കളമായ മൊഴി മദനശരാസന (കാമദേവന്റെ വില്ല്) ത്തിൽ മിളത്തായിരിക്കുന്ന (കെട്ടപ്പെട്ട) അളിഗണ (വണ്ടിൻകൂട്ട) മാകുന്ന ഗുണ (ഞാൺ) ത്തിൻെറ രണിത (ശബ്ദം) ത്തെ നിന്ദിക്കട്ടെ (വണ്ടിൻനാദത്തേക്കാൾ നല്ലതു്).

ആഹരി — ചമ്പ.

ശ്ലോ. ൬. കുൎവ്വന്നുൎവ്വീരുഹാണാമുരുവിടപഭൃതാ-
മൂരുവേഗൈരകാണ്ഡ
വാത്യാസംഘട്ടവിശ്രാഗവിലുളിതകദളീ-
കാനനസ്ഥാമവസ്ഥാം
സാക്ഷാദ്ദൎപ്പോവപുഷ്മാനിവനരകസഖഃ
കോപിശാഖാമൃഗേന്ദ്രഃ
പൎയ്യന്തം പാദപാതൈസ്തടനുസഹലിനഃ
കമ്പയൻ സമ്പപാത.

അന്വയം - ഉരുവിടപഭൃതാം ഉൎവീരുഹാണാം വാത്യാസംഘട്ടവിശ്രാഗവിലുളിതകദളീകാനനസ്ഥാം അവസ്ഥാം ഊരുവേഗൈ അകാണ്ഡ കുൎവൻ നരകസഖഃ സഃ കോപി ശാഖാമൃഗേന്ദ്രഃ സാക്ഷാൽദൎപ്പഃ വപുഷ്മാൻ ഇവ തടനു പാദപാതൈഃ ഹലിനഃ പൎയ്യന്തം കമ്പയൻ സമ്പപാത.

അൎത്ഥം—ഉരുവിടപഭൃത്തു (വലിയ കൊമ്പുകളുള്ള) കളായിരിക്കുന്ന ഉൎവീരുഹ (വൃക്ഷ) ങ്ങൾക്കു വാത്യാസംഘട്ട (കാററടിക്കപ്പെട്ട) മായും വാലുപുറവം വിലുളിത (ഇളകിമറിയുന്ന) മായും ഇരിക്കുന്ന കദളീകാനനത്തിൽ ഉള്ള അവസ്ഥയെ ഊരുക്കൾ (തുട) ളുടെ വേഗം കൊണ്ടു് അകാണ്ഡ (അസംഗതി) ത്തിൽ കുൎവ്വന്നായി (ഉണ്ടാക്കി) നരകസഖ (നരകാസുരൻെറ ഇഷ്ട) നായിരിക്കുന്ന ആ ഒരു ശാഖാമൃഗം ദൎപ്പം സാക്ഷാത്തായി (പ്രത്യക്ഷം) വപുഷ്മാൻ (ശരീരത്തോടു കൂടിയതു) ആയിട്ടോ എന്നു തോന്നും വണ്ണം, അപ്പോൾ പാദപാതങ്ങ (ചാട്ട) ളെക്കൊണ്ടു ഹലി (ബലഭദ്രൻ) യുടെ പൎയ്യന്തം നാലുവശവും കമ്പയന്നായി (കുലുക്കികൊണ്ടു) സമ്പതിച്ചു (ചാടി).

പദം— മിത്രപദവീഗതവിചിത്രമണികൂടനായി
എത്രയും വിലസുന്നു ധാത്രീധരേന്ദ്രൻ,
വേലാവിലോലിമദലോലമായ്‌വാഴുന്നു
നീലാചലാഭമിഭജാലമൊരുഭാഗേ,

കൃത്തകരികുംഭഹരിരക്തനഖമുക്തമായി
മുക്താമണിനിവഹമത്ര കാണുന്നു,
നിജപദവിയെന്നു മൃഗനികരമിതാ പോകുന്നു
അജഗരകുലങ്ങളുടെ ആനനഗുഹാന്തരേ,

ചാരുചപലാലുളിത ശാരദഘനം പോലെ
നാരീപരിവാരനിവനാരഹോ ധീരൻ,

മിത്രമാമെന്നുടയ ധാത്രീസുതന്റെ ഗള-
കർത്തനം ചെയ്ത യദുപുത്രാഗ്രജനിവൻ,

അവനിജാമൂലമായാഹവം ചെയ്യുന്നാം
വിവിദനുടെ വിക്രമം വിശ്രുതമതല്ലോ,
ഉന്നതബലേന ഞാൻ ചെന്നിവനെ യാഹവേ
കൊന്നസുഖനായിങ്ങു വന്നീടുവനധുനാ,

അൎത്ഥം— ധാത്രീധരേന്ദ്രൻ = രൈവതകം, മിത്രപദവിയിൽ (സൂൎയ്യമാൎഗ്ഗം) ഗതങ്ങൾ (എത്തീട്ടുള്ള) ആയും വിചിത്രങ്ങളായും ഉള്ള മണികൂടനായി (രത്നശിഖരം) എത്രയും വിലസുന്നു. ഒരു ഭാഗത്തു നീലാചലത്തിന്റെ (നീലപൎവ്വതം) ആഭ (കാന്തി പോലെയിരിക്കുന്ന ആഭയോടുകൂടിയ ഇഭജാലം (ആനക്കൂട്ടം) വേലാവിലോലിയായി (അതിരററ) മദംകൊണ്ടു ലോലമായി വാഴുന്നു, വേറൊരേടത്തു കൃത്തകരികുംഭഹരിരക്തനഖമുക്തമായി (ആനയുടെ മസ്തകം പിളൎത്തിയ സിംഹത്തിന്റെ ചോരയോടുകൂടിയ നഖത്തിൽനിന്നു വീണ) ഇരിക്കുന്ന മുക്താമണിനിവഹം (മുത്തുമണികളുടെ കൂട്ടം) കാണുന്നു, ആനയുടെ മസ്തകത്തിൽ മുത്തുമണികൾ ഉണ്ടെന്നു കവികൾ പറയാറുണ്ടു്. 'വിന്ദന്തിമാൎഗ്ഗം നഖരന്ധ്രമുക്തൈഃ മുക്താമയൈഃ കേസരിണാം കിരാതാഃ' എന്നു കുമാരസംഭവം മഹാകാവ്യത്തിൽ കാളിദാസർ പ്രയോഗിച്ചിരിക്കുന്നു. മൃഗനികരം (മൃഗക്കൂട്ടം) അജഗര (പെരുമ്പാമ്പു) കുലങ്ങളുടെ ആനന (വായ) മാകുന്ന ഗുഹയുടെ ഉള്ളിലേക്കു നിജപദവിയെന്നു ഭ്രമിച്ചു ഇതാ പോകുന്നു, ചാരുവായ ചപലയാൽ (മിന്നൽ) ലുളിത (സംബന്ധം) മായ ശാരദഘനം (ശരൽകാലത്തിലെ മേഘം) പോലെ നാരീപരിവാര (ചുററും

സ്ത്രീകളോടുകൂടി) നായ ഈ ധീരൻ ആര് അഹോ! എൻെറ മിത്രമായ ധാത്രീസുത (നരകാസുരൻ) ൻെറ ശലകത്തനം (കഴുത്തറുക്ക) ചെയ്ത യദൂധൂത്ത (കൃഷ്ണൻ) ൻെറ അഗ്രജൻ (ജ്യേഷ്ഠൻ) ആണ് ഇവൻ, അവനിജാ(സീതാ) മൂലമായി ആഹവം (രണം) ചെയ്ത നാൾ ദ്വിവിദനുടെ വിക്രമം വിശ്രുതം (പ്രസിദ്ധം) ആതല്ലോ, ഉന്നത(മഹാ) ബലനായ ഞാൻ ചെന്ന് ഇവനെ ആഹവത്തിൽ കൊന്ന് അനൃണനായി(കടംവീട്ടിയവൻ) ആയി ഇപ്പോൾ വന്നിടുവൻ.

കേദാരഗൌഡം — അടന്ത.

ശ്ലോ — ൧. മിത്രാം മേ നരകം രണേ ഹതവതഃ
കൃഷ്ണസ്യ തസ്യാഗ്രജഃ
ക്ഷീബോസൌ മധുനാ ജവേന വിധിനാ
നീതോധുനാ ഗോചരം
ഭിത്വൈനം നഖരാങ്കുരൈരനൃണതാം
യാസ്യാമി പാസ്യാമ്യ-
സൃഗ്ധാരാമിത്യതികോപനോ ഹലധരം
ശാഖാമൃഗേന്ദ്രോഭ്യഗാൽ.

അന്വയം — രണേ മേ മിത്രാം നരകം ഹതവതഃ തസ്യ കൃഷ്ണസ്യ അഗ്രജഃ അസൌ മധുനാ ക്ഷീബഃ വിധിനാ ജവേന അധുനാ ഗോചരം നീതഃ അഹം നഖരാങ്കുരൈഃ ഏനം ഭിത്വാ അനൃണതാം യാസ്യാമി ഇതി അതികോപനഃ ശാഖാമൃഗേന്ദ്രഃ ഹലധരം അഭ്യഗാൽ.

അർത്ഥം — രണ (യുദ്ധ) ത്തിൽ എൻെറ മിത്രമായിരിക്കുന്ന നരകനെ ഹതവാനായി (കൊന്ന) രിക്കുന്ന ആ കൃഷ്ണൻെറ അഗ്രജൻ ആയ ഇവൻ മധു കൊണ്ടു ക്ഷീബ (മത്തൻ) നായിട്ടു വിധിനാ (ഭാഗ്യവശാൽ) വേഗത്തിൽ ഇപ്പോൾ ഗോചരത്തെ നീതനായി (കാണാറായി) ഞാൻ നഖരാം (നഖ) കുരങ്ങളെക്കൊണ്ടു ഇവനെ (ബലഭദ്രൻ) കീറീട്ട് അനൃണതയെ പ്രാപിക്കും, ഞാൻ അസൃഗ്ധാര (രക്തധാര) യെ പാനംചെയ്യും (കുടിക്കും) എന്നിങ്ങിനെ അതി കോപനനായിട്ടു ശാഖാമൃഗേന്ദ്രൻ(കുരങ്ങ്) ഹലധരൻെറ (ബലരാമൻ) അടുക്കലെത്തി.

പദം— നില്ലുനില്ലെടാ! ദുർമ്മതേ!
കൊല്ലുവനിഹ നിന്നെ വിരവിനൊടില്ലതിന്നൊരു
സംശയം— നില്ലു

കാലശ്ശൂലമുഖേനിനക്കതികൌതുകംമരുവീടുവാൻ
കാലതാമസമെന്തിന്നതിനിഹ
കലഹധരണിയിൽത്വരികനീ— നില്ല

പാദപാഹതികൊണ്ടുപരിചൊടു
പാംസുകുണ്ഠിതനായിനീ
യാദവാധമ! വീണിടും രണ
മേദിനീതടവീഥിയിൽ— നില്ല

മുഷ്ടികന്നുടൽനഷ്ടമാക്കിയ
മുഷ്ടിപാതമിതെന്നുടേ
ദുഷ്ടചേഷ്ടിത! മസ്തകം തവ
പിഷ്ടമാക്കമതറികനീ— നില്ല

ഉഗ്രനാംനരകം ഹനിച്ച ദു
രാഗ്രഹീമുരവൈരിത
ന്നഗ്രജാ യുധിനിഗ്രഹിപ്പതി
നാഗ്രഹിച്ചിഹ വന്നു ഞാൻ— നില്ല

ചരണമതിൽ മമ ശരണമായിഹ
വരണമതുചെയ്യാഞ്ഞിലോ
നരകനൊടുമിനി നരകസീമനി
നലമൊടങ്ങുവസിക്കനീ— നില്ല

രാവണാന്തകനായ രഘുവര
രാമദൂതനൊടേററുപ്പതി
നോവനുള്ളു ജഗത്രയേ ജള!
ജീവിതംത്വതവദുല്ലഭം— നില്ല

അത്ഥം—കാലശ്ശൂലമുഖേ (കാലൻെറ ശൂലമുഖത്തിൽ), കലഹധരണി=യുദ്ധഭൂമി, പാദപാഹതി=വൃക്ഷങ്ങൾകൊണ്ടുള്ള അടി, പാംസുകുണ്ഠിതൻ=പൊടികളെക്കൊണ്ടു കുണ്ഠിതൻ, വിഷാദിച്ചവൻ, രണമേദിനീതടവീഥി=യുദ്ധസ്ഥലം, മുഷ്ടികൻ=ഒരു അസുരൻ, മുഷ്ടിപാതം=ഇടി, ദുഷ്ടചേഷ്ടിതൻ=ദുർവ്യാപാരി, മസ്തകം=ശിരസ്സ്, പിഷ്ടമാക്ക=പൊട്ടിക്ക,

യുധി=യുദ്ധത്തിൽ, നിഗ്രഹിപ്പതിന്=കൊല്ലുന്നതിന്, ചരണം=കാൽ, ജഗത്രയം=മൂന്നുലോകം, ജള!=വിഡ്ഢി, നിന്റെ ജീവിതം ദുർല്ലഭം=ഇ യി ജീവിച്ചിരിക്കാൻ സാധിക്കയില്ല.

ശ്ലോ. ൯. നരകാശ്രയണോചിതക്രിയോ-
ഽപ്യഭജദ്രാമഹതോ ദിവം കപിഃ
നിധനാദപി താരയന്തി ഹി
സ്പൃഹണീയാ മഹതാം സമാഗമാഃ.

അന്വയം - നരകാശ്രയണോചിതക്രിയഃ അപി കപിഃ രാമഹതഃ ദിവം അഭജൽ; മഹതാം സമാഗമാഃ നിധനാൽ അപി താരയന്തി, ഹി സ്പൃഹണീയാഃ

അർത്ഥം - നരകാശ്രയണത്തിനു (നരകത്തിൽ കിടക്ക) ഉചിതയായിരിക്കുന്ന ക്രിയയോടുകൂടിയവനാണെങ്കിലും കപി (വിവിദൻ എന്ന കുരങ്ങ്) രാമനാൽ ഹതനായിട്ട് (ബലഭദ്രർ കൊന്നതുകൊണ്ട്) ദ്യോവിനെ (സ്വർഗ്ഗം) ഭജിച്ചു (പ്രാപിച്ചു); മഹത്തുക്കളുടെ (സജ്ജനങ്ങൾ) സമാഗമങ്ങൾ (സംസർഗ്ഗങ്ങൾ) നിധന (മരണ) ത്തിൽ നിന്നും തരിപ്പിക്കപ്പെടുന്നു (നീക്കപ്പെടുന്നു), യാതൊന്നു ഹേതുവായിട്ടു (അവ) സ്പൃഹണീയങ്ങളാകുന്നു.

കാമമോദരി—ചെമ്പട.

ശ്ലോ. ൯—പ്രേരിതഃ കുടിലചേതസാ കില കരുശ-
ഭൂമിപതിനാ തദാ
ദ്വാരകാപുരമുപേത്യ കോപി ചതുരഃ പ-
യോധിപരിഖാവൃതം
വൃഷ്ണിവീരമകുട പ്രദീപ്തമണിചക്ര-
വാളബഹളപ്രഭാം
കൃഷ്ണമിന്ദ്രമണിമേചകാവയവമാവ-
സന്തമവദൽസഭാം.

അന്വയം—തദാ കുടിലചേതസാ കരുശഭൂമിപതിനാ പ്രേരിതഃ കോപി ചതുരഃ പയോധിപരിഖാവൃതം ദ്വാരകാപുരം ഉപേത്യ വൃഷ്ണിവീരമകുട പ്രദീപ്തമണിചക്രവാളബഹളപ്രഭാം ഇന്ദ്രമണിമേചകാവയവം കൃഷ്ണം അവദൽ.

അൎത്ഥം— ഇങ്ങിനെയിരിക്കുമ്പോൾ കുടിലചേതസ്സ് (ദുർബുദ്ധി) ആയിരിക്കുന്ന കുരുശഭൂമിപതി (കുരുശരാജ്യത്തിലെമഹാരാജാവു) യാൽ പ്രേരിതനായ (അയക്കപ്പെട്ട) ഒരു ചതുരൻ (രസികൻ) പയോധി (സമുദ്രം) യാകുന്ന പരിഖ (കിടങ്ങു) ത്താൽ ആവൃത (ചുററപ്പെട്ട) മായിരിക്കുന്ന ദ്വാരകാപുരത്തെ പ്രാപിച്ചിട്ടു വൃഷ്ണിവീര (കൃഷ്ണൻ) ന്റെ മകുട (കിരീട)ത്തിൽ പ്രദീപ്ത (ജ്വലിച്ചുകാണപ്പെടുന്ന) മായിരിക്കുന്ന മണിചക്രവാള (മണിമണ്ഡല) ത്തിന്റെബഹളപ്രഭ (വലിയ കാന്തി) യോടുകൂടിയിരിക്കുന്ന സഭയിൽ വെച്ച് ഇന്ദ്രമണി (ഇന്ദ്രനീലക്കല്ല്) കൊണ്ട് മേചക (തടിച്ച) മായിരിക്കുന്ന അവയവത്തോടുകൂടിയ കൃഷ്ണനോട് വദിച്ചു (പറഞ്ഞു).

പദം— യാദവാധിപ! കേൾക്ക വിരവൊടു വീരവര!
കുരുശമേദിനീതിലകനിദേശം
മോദമോടു ഭവാനവന്റെ
നിദേശകരനെന്നറിയണമെന്നെ— യാദവ
പാരാവാരശായിയാം പത്മാവല്ലഭൻ ദേവൻ
പാരിടം പാലിപ്പാനവതാരംചെയ്തതു
ഞാനെന്നോരോന്നോനിനച്ചഹങ്കാരം
ഉള്ളിലുണ്ടാകകാരണം നിജ
കൎമ്മധൎമ്മവിചാരവിമുഖനതായ് ധരിച്ചൊരു
ചാരുരഥാംഗഗദാംബുരുഹാദിമദങ്കം കളകവിശങ്കം
—യാദവ
കല്യതയോൎക്കിലിതു വല്ലവതരുണിമാ
രെല്ലാവരുമഭിനന്ദിക്കും
അവരുടയ വല്ലഭന്മാർ വന്നുവന്ദിക്കും
അതുമാത്രമല്ലാതില്ലാഫലമൊരു
തെല്ലുമതിലിഹനല്ലതിതുതവ പാൎക്കിലെൻപദ
പല്ലവതല്ലജമാശ്രയജഗദവലംബം— യാദവ
സൎവ്വഗീൎവ്വാണലോകസാൎവ്വഭൌമനമെന്റെ
ദുൎവ്വാരമായീടും നിദേശംകൈക്കൊണ്ടുഗത
ഗൎവ്വനായി വാണീടുന്നനിശം,
അറിയാതെനീചിലദുൎവ്വിധങ്ങൾ തുടങ്ങിലോ
സമരോൎവ്വിയിൽപരിചൊടു

മാമകദ്ദുർവ്വിഷഹായുധജാലമതേററു

ശയിക്കും വിഹഗങ്ങൾ ഭുജിക്കും— യാദവ

അർത്ഥം—കുരുശമേദിനീതിലക (കുരുശമഹാരാജാവു്) ൻെറ നിദേശം (സന്ദേശം), നിദേശകരൻ ദൂതൻ പാരാവാര (സമുദ്ര) അത്താൽ പാലാഴി, ത്തിൽ ശായിയാം (കിടക്കുന്നവൻ) പത്മാവല്ലഭൻ=മഹാവിഷ്ണു, പാരിടം=ഭൂമി, നിനച്ചു=വിചാരിച്ചു, നിജ (തൻെറ) ങ്ങളായ കർമ്മങ്ങളുടേയും ധർമ്മങ്ങളുടേയും വിചാരത്തിൽ വിമുഖ (അറിയാത്തവൻ) നതായു്, ചാരു,രഥാംഗം (ചക്രം, സുദർശനം) ഗദാ (കൌമോദകീ) അംബുരുഹം (താമര) തുടങ്ങിയ മദങ്കം (എൻെറ ചിഹ്നം) വിശങ്കം (സംശയം കൂടാതെ) കല്യത=സാമർത്ഥ്യം, വല്ലവതരുണിമാർ=ഗോപസ്ത്രീകൾ, വല്ലഭന്മാർ=ഭർത്താക്കന്മാർ; എൻെറ പ്രശസ്തമായും പല്ലവം (തളിരു്) പോലെയിരിക്കുന്നതും ആയ പദ (കാൽ) ത്തിൽ ജഗത്തു (ലോക) ങ്ങൾക്കു് അവലംബം (ആശ്രയം), വിഹതവിളംബം=താമസിക്കാതെ ആശ്രയിച്ചാലും (ലോ. പ. മ.പു. ഏ. വ.) സർവ്വഗീർവ്വാണലോകസാർവ്വഭൌമൻ=ദേവേന്ദ്രൻ, ദുർവ്വാരം=തടുക്കാൻ വയ്യാത്ത, ഗതഗർവ്വൻ=ഗർവ്വില്ലാത്തവൻ, അനിശം=എല്ലായ്പോഴും, സമരോർവ്വി=യുദ്ധഭൂമി, മാമകം=എൻെറ, ദുർവ്വിഷഹായുധം=വിഷശരം.

പന്തുവരാടി—ചെമ്പട.

ശ്ലോ. ൧൦. ആകർണ്ണ്യവാണീം ഹൃദയേ വിഷക്താം
തദാ കൃപാണീമിവ ദൂതമുക്താം
സമേത്യ തം സാത്യകിരേവമുച്ചൈ-
രുച്ചാരയാമാസ ഗിരം രുഷാന്ധഃ

അന്വയം—തദാ ഹൃദയേ വിഷക്താം ദൂതമുക്താം കൃപാണീം ഇവ വാണീം ആകർണ്ണ്യ സാത്യകിഃ രുഷാന്ധഃ തം സമേത്യ ഏവം ഗിരം ഉച്ചൈഃ ഉച്ചാരയാമാസ.

അർത്ഥം—അപ്പോൾ ഹൃദയത്തിൽ വിഷക്ത (വിഷാദത്തെ ഉണ്ടാക്കുന്ന) യായി ദൂതമുക്ത (ദൂതങ്കൽ നിന്നു പുറപ്പെട്ട) യായി കൃപാണി (വാൾ, മൂർച്ചയുള്ള) യോ എന്നു തോന്നുംവണ്ണം ഇരിക്കുന്ന വാണി (വാക്കു്) യെ ആകർണ്ണനം ചെയ്തിട്ടു (കേട്ടിട്ടു്) സാത്യകി രുഷാന്ധ (കോപിഷ്ഠ) നായിട്ടു അവനെ പ്രാപിച്ചിട്ടു (ദൂതൻെറ അടുക്കൽ ചെന്നിട്ടു്) ഉച്ചൈസ്സാകുംവണ്ണം (ഉക്കെ) ഉച്ചാരണം ചെയ്തു (പറഞ്ഞു).

പദം — ചിത്രതരം വചനം കുമതേ! തവ
ചിത്രതരം വചനം.
സാത്വതപുംഗവനാം ഭഗവാന്റെ
ആസ്ഥാനേ സഹസാ— ചിത്രതരം

ഇത്തരമുള്ള നിരത്ഥകവാചിക
മോതീടുകിൽ സമനീകേ
സത്വരമവന്റെ കണ്ഠവികത്തന
മുത്തരമെന്നറിക— ചിത്രതരം

പുഷ്കരലോചനനാം ഭഗവാന്റെ
തിരസ്കൃതികേട്ടുളവായ
ദുഷ്കൃതികളവതിന്നവന്റെരുധിരേ
നിഷ്കൃതിരാപ്ലവനം— ചിത്രതരം

കൃത്രിമസടകളണിഞ്ഞാലും മൃഗ
ധൂത്തനഹോ കഥമോത്താൽ
മത്തദ്വിപകുലകുംഭവിഭേദന
ശക്തനതായ്മരുവീടും— ചിത്രതരം

അത്ഥം—കുമതേ! (ദുർബുദ്ധി) സാത്വതപുംഗവൻ (യാദവശ്രേഷ്ഠൻ), തിരസ്കൃതി (നിന്ദ), രുധിരം=രക്തം, നിഷ്കൃതി=പ്രതിക്രിയ, ആപ്ലവനം=കുളി, സട=കുഞ്ചിരോമം, മത്തദ്വിപകുല (മദിച്ച ആനക്കൂട്ട) ങ്ങളുടെ കുംഭവിഭേദന (മസ്തകത്തിന്റെ പിളപ്പ്) ത്തിൽ ശക്തനതായി (സമത്ഥനതായി), മാൻ കുഞ്ചിരോമങ്ങൾ കെട്ടിയാലും ആനയുടെ മസ്തകം ഭേദിക്കുന്നതിനു മതിയാകുന്നുവോ?

ശ്ലോ. ൧൧. സഹസൈസ്സഹ സൈന്യൈകൈന്നിനീഷുഃ
പരമന്തം പരമന്തമംബുജാക്ഷഃ
വിനതോ വിനതോത്ഭവം നിദധ്യൌ
സുമനോഭിസ്സുമനോഭിരാമകീത്തിഃ

അന്വയം—സുമനോഭിഃ വിനതഃ സുമനോഭിരാമകീത്തിഃ അംബുജാക്ഷഃ സഹസൈഃ സൈന്യൈകൈഃ സഹ പരമം തം പരം അന്തം നിനീഷുഃ വിനതോത്ഭവം നിദധ്യൌ.

അൎത്ഥം—സുമനസ്സു (ദേവന്മാർ) കളാൽ വിനത (പൂജ്യ) നായി സ്വതരാം (ഏററവും) മനോഭിരാമ(മനോഹരം) യായിരിക്കുന്ന കീൎത്തിയോടുകൂടിയ അംബുജാക്ഷൻ (ഭഗവാൻ) സഹസൈന്യഃ (ഉടനെ) സൈനിക (സേന) ങ്ങളോടുകൂടെ പരമ (ഏററവും ശ്രേഷ്ഠ) നായിരിക്കുന്ന അവനെ (പൌണ്ഡ്രകൻ) പരമായ അന്ത (മരണ) ത്തെ നിനീഷു (പ്രാപിപ്പിക്കാൻ) വായിട്ടു വിനതാതനയനെ (ഗരുഡൻ) ധ്യാനിച്ചു.

മദ്ധ്യമാവതി—ചെമ്പട.

ശ്ലോ. ൧൨. ത്രൈക്ഷൈരീക്ഷണജാശ്ശുശുക്ഷണികണൈ-
ൎദ്ദിക്ഷു ജ്വലത്ഭിഃ ക്ഷണാ-
ദക്ഷുദ്രപ്രതിപക്ഷ പന്നഗ ചമൂ-
കക്ഷം ദിധക്ഷന്നിവ
അക്ഷീണൈൎന്നിജപക്ഷവേഗപവനൈ-
ൎവ്വിക്ഷോഭയൻ ക്ഷ്മാതലം
പക്ഷീന്ദ്രഃ പ്രകടാക്ഷരം മധുരിപും
പ്രേക്ഷ്യാചചക്ഷേ ഗിരം

അന്വയം—ദിക്ഷു ജ്വലത്ഭിഃ ത്രൈക്ഷൈഃ ഈക്ഷണജാശ്ശുശുക്ഷണികണൈഃ അക്ഷുദ്രപ്രതിപക്ഷ പന്നഗചമൂ കക്ഷം ക്ഷണാൽ ദിധക്ഷൻ ഇവ അക്ഷീണൈഃ നിജപക്ഷവേഗപവനൈഃ ക്ഷ്മാതലം വിക്ഷോഭയൻ പക്ഷീന്ദ്രഃ മധുരിപും പ്രേക്ഷ്യ ഗിരം പ്രകടാക്ഷരം ആചചക്ഷേ.

അൎത്ഥം—ദിക്കുകളിൽ ജ്വലത്തു (ജ്വലിക്കുന്ന) കളായും ത്രൈക്ഷ (തീക്ഷ്ണ) ങ്ങളായും ഇരിക്കുന്ന ഈക്ഷണജ (കണ്ണിൽനിന്നുണ്ടായ) ങ്ങളായ ആശുശുക്ഷണികണ (തീപ്പൊരി) ങ്ങളെക്കൊണ്ടു് അക്ഷുദ്ര (വലുതു്) ങ്ങളായിരിക്കുന്ന പ്രതിപക്ഷ (ശത്രു) ങ്ങളാകുന്ന പന്നഗചമൂ (പാമ്പാകുന്ന സൈന്യം) കളുടെ കക്ഷ (വയ്ക്കോൽതുറു) ത്തെ ദിധക്ഷ (ഹേിപ്പാനായിക്കൊണ്ടു് ആഗ്രഹിക്കുന്ന) ന്നായിട്ടോ എന്നു തോന്നുംവണ്ണം ഇരിക്കുന്നവനായി അക്ഷീണ (തടിച്ചിരിക്കുന്ന) ങ്ങളായിരിക്കുന്ന നിജപക്ഷ (തന്റെ ചിറകു്) ങ്ങളുടെ വേഗത്തിൽ നിന്നുണ്ടായ പവന (കാററു) ങ്ങളെക്കൊണ്ടു ക്ഷ്മാതല (ഭൂമി) ത്തെ വിക്ഷോഭയൻ (ക്ഷോഭമുണ്ടാക്കുന്ന) ആയിരിക്കുന്ന പക്ഷീന്ദ്രൻ ഗരുഡൻ മധുരിപു (കൃഷ്ണൻ) വിനെ പ്രേക്ഷിച്ചിട്ടു (കണ്ടിട്ടു്) ഗിരിനെ പ്രകടാക്ഷരമാകുംവണ്ണം ആഖ്യാനംചെയ്തു (പറഞ്ഞു).

പദം— കമലാകാമുക! പാലയ ഭഗവൻ!
കരുണാലയ! ശൌരേ!

ഹിമകരവിശദവിശ്രുതകീർത്തേ!
വിജിതഘനാഘനസുന്ദരമൂർത്തേ! —കമലാ

മുഗ്ദ്ധാശയനിന്നോവൻ നിൻെറ
വിരുദ്ധാചരണം ചെയ്തീടുന്നു,
ക്രുദ്ധാശീവിഷമുഖപരിചുംബന
ബദ്ധാമോദമവൻ മരുവുന്നു —കമലാ

തുണ്ഡാങ്കുശകോടീപരിഖണ്ഡിത
മുണ്ഡന്മാരാമരികളെയഖിലം
ദണ്ഡധരാതിഥിയാക്കീട്ടന്നേനണ്ഡജപതി
ഞാൻ നിന്നുടെ ദാസൻ —കമലാ

വജ്രിനികേതേ ചെന്നമൃതം
ഞാനാർജ്ജിച്ചിങ്ങാഗമിക്കുന്നളവിൽ
നിർജ്ജരവരരും നിർജ്ജിതരായ്ത്ത മൂർജ്ജിതയാം
നിൻകൃപകൊണ്ടല്ലോ —കമലാ

അർത്ഥം—കമലാകാമുക!=മഹാവിഷ്ണോ!, പാലയ=രക്ഷിച്ചാലും (ലോ. പ. മ. പു. ഏ. വ.), ശൗരി=കൃഷ്ണൻ, ഹിമകര (ചന്ദ്ര) നെപ്പോലെ വിശദയായും വിശ്രുതയായും ഇരിക്കുന്ന കീർത്തിയോടുകൂടിയവനേ! വിജിതഘനാഘനസുന്ദരമൂർത്തേ (അംഗലാവണ്യംകൊണ്ടു മേഘങ്ങളെ ജയിച്ചവനേ!), വിരുദ്ധാചരണം (വിരോധം ചെയ്തു) ക്രുദ്ധ (കോപിക്കപ്പെട്ടതു്) മായിരിക്കുന്ന ആശീവിഷ (പാമ്പു) ത്തിൻെറ മുഖം ചുംബനത്തിൽ ബദ്ധമായ മോദത്തോടുകൂടിയവൻ (അങ്ങേയ്ക്കു വിരോധമായി ആരെങ്കിലും പ്രവർത്തിക്കുന്നുവോ അയാൾക്കു ജീവനിൽ ലേശംപോലും കൊതി ഇല്ല), തുണ്ഡാങ്കുശകോടി=തോട്ടിപോലെയിരിക്കുന്ന കൊക്കിൻെറ അററം, പരിഖണ്ഡിതം=ഛേദിക്കപ്പെട്ടതു, മുണ്ഡന്മാർ=ശിരസ്സോടുകൂടിയവർ, ദണ്ഡധരാതിഥി (കാലൻെറ അതിഥി, വഴിപോക്കൻ) അണ്ഡജപതി=ഗരുഡൻ വജ്രിനികേതം=സ്വർഗ്ഗം, നിർജ്ജിതർ=ജയിക്കപ്പെട്ടവർ.

വേകട—ചെമ്പട

പദം— വിനതാനന്ദന! കേൾക്ക ഗിരം മേ
വിമലഗുണാംബുനിധേ!
വിമതകുലാചലകുലിശായിതഭുജവിക്രമ!
വിഹഗകുലാംബുധിചന്ദ്ര!— വിനതാ

ദുജ്ജനപരിവൃതനായിന്നധികംസജ്ജന
നിവഹവിരോധംചെയ്യാൻ
സജ്ജിതമതിയാം പൌണ്ഡ്രകനുടെ ഗള
ഗജ്ജിതമെങ്ങിനെ ചൊല്ലീടേണ്ടു— വിനതാ

ശംഖഗദാദികൾ നമ്മുടെചിഹ്നം
ശങ്കവെടിഞ്ഞു കളഞ്ഞു ജവേന
എങ്കഴലിണതൊഴുതീടുകയെന്നൊരു
കിങ്കരനെയിങ്ങാജ്ഞാപിച്ചു— വിനതാ

ക്രുത്തശരാഹതികൊണ്ടിന്നവനുടെ
മൂത്തിപിളന്നുടനേ രണഭ്രമെന്ന
കാത്താന്തികപുരദൂതന്മാരുടെ
വാത്താകരനായാക്കീടേണം— വിനതാ

അത്ഥം—വിനതാ നന്ദന! (ഗരുഡ), വിമലകുല (ശത്രുകുല) ങ്ങളാകുന്ന അചല (പവ്വത) ങ്ങൾക്കു കുലിശ (വജ്ര) മായി ഭവിച്ച ഭുജവിക്രമത്തോടുകൂടിയവനേ!, ദുജ്ജനപരിവൃതൻ=ദുജ്ജനങ്ങളുടെ കൂട്ടത്തിൽപ്പെട്ടവൻ, സജ്ജിതമതി=തീർച്ചയാക്കിയവൻ, ഗളഗജ്ജിതം=കണ്ഠനാദം, (അട്ടഹാസം,) കാത്താന്തികപുരദൂതന്മാർ=യമദൂതന്മാർ, വാത്താകരൻ=അഞ്ചൽശിപായി, (വത്തമാനംഅറിയിക്കുന്നവൻ.)

ശങ്കരാഭരണം —ചെമ്പട.

ശ്ലോ ൧൩.

ജിഗീഷുമുപഗോപുരക്ഷിതി തദാ സമഭ്യാഗതം
നിരുദ്ധ്യമധുവൈരിണം പരുഷഘോഷണൌ രോഷണൌ
വിഷസ്ഥപിതസായകൈരിവനിജജ്വല്ലതുർവാചകൈഃ
കരുശന്നപതേജ്ജ്വവഃ ദതി ഭയങ്കരൌ കിങ്കരൌ

അന്വയം—പരുഷഘോഷണൌ രോഷണൌ അതിഭയങ്കരൌ കരുശന്നപതേഃ കിങ്കരൌ ജിഗീഷും ഉപഗോപുരക്ഷിതി സമഭ്യാഗതം മധുവൈരിണം തദാ നിരുദ്ധ്യ വിഷസ്ഥപിതസായകൈഃ ഇവ വാചകൈഃ ജവാൽ നിജജ്വലതുഃ.

അൎത്ഥം— പരുഷഘോഷണന്മാർ (ചീത്തവാക്കു പറയുന്നവർ) ആയി രോഷണന്മാർ (കോപിഷ്ഠന്മാർ) ആയി അതിഭയങ്കരന്മാരായിരിക്കുന്ന കരുശനൃപതിയുടെ രണ്ടു കിങ്കരന്മാർ ജിഗിഷു (ജയിപ്പാനായിക്കൊണ്ടു ഇച്ഛിക്കുന്നവൻ) വായി, ഗോപുരക്ഷിതിയുടെ സമീപത്തു സമഭ്യാഗതനായിരിക്കുന്ന (എത്തിയ) മധുവൈരി (കൃഷ്ണൻ) യെ അപ്പോൾ നിരോധിച്ചിട്ടു (തടുത്തിട്ടു) വിഷത്തിൽ സ്നപിത (മുക്കപ്പെട്ട) ങ്ങളായ സായക (ശര) ങ്ങളെക്കൊണ്ടോ എന്നു തോന്നുംവണ്ണം ഉള്ള വാചകങ്ങളെക്കൊണ്ടു വേഗത്തിൽ വിലപിച്ചു (പുലമ്പി).

പദം — ഗോപഹതക! നില്ലെടാ! ഗോപുര
ഭുവി ഗോപഹതക! നില്ലെടാ!
ഗോപനികേതനമല്ലെന്നറികനീ പാപമതേ!
ബത! കപടം ചെയ്വാൻ
ചാപധരാവലി പാലിതമായൊരു
ഭൂപതിവരനുടെ ഭവനമിതറിക— ഗോപ
പരബലപരിഭവപരരാം ഭൂപതി പരി
ചരവരരൊടുപടപൊരുവാനായ്
പരിചയമുണ്ടെന്നുള്ളൊരുനടനം പരി
ഹാസകരം പരമിഹ പാർത്താൽ— ഗോപ
ഖരകരരുചിരോജ്ജിതമാമകശരശത
ശകലിതഹൃദയന്മാരായ്
സരഭസമധിരണമവനിയിൽവീഴും
കരുതുക നഹി നഹി കിമപി വിവാദം,
വീരരായ് വന്നതാരെടാ! ഗോപുരഭുവി
തുംഗബലലേശകരുശനൃപനുടെ
മംഗലലാഞ്ഛനലാഞ്ഛിതവേഷം ഭംഗിയോടി
ന്നുധരിച്ചൊരു നിൻഗള
ഭംഗകരം ശരവര മിദമറിക— ഗോപ
മാഗധനരപതി ബാഹുപരാക്രമ
മാഹവസീമനി കാണുകമൂലം
വേഗമൊടംബുധിനടുവിൽ ഭയഭര
വേദനയോടുമരുവീടുന്നു— ഗോപ

വാക്കിലിരിക്കും ദുരഹംകൃതിയിപ്പു പോക്കളെ
മതിലുണ്ടാകേണമെന്നാപ്പു
മോക്ഷണമെന്നൊട്ടു നേക്ഷണമതെമ്പാട്ടു
ഭേക്ഷണമഥയുധിധനുഷിശരങ്ങൾ— വീരരായ്

അർത്ഥം—ഗോപഹതക!=ദുഷ്ടഗോപ, ഗോപുരഭുവി=ഗോപുരത്തിൽ ഗോപനികേതനം=അമ്പാടി, ചാപധരാവലി (വില്ലാളിഗണം) കളാൽ പാലിതം ആയൊരു (രക്ഷിച്ചുപോരുന്ന), പരബലം=ശത്രുബലം, ഭൂപതി പരിചരവരർ=രാജഭൃത്യന്മാർ, നടനം=നാട്യം, ഖരകരരുചി=സൂര്യരശ്മി, ശരശതം=ശരക്കൂട്ടം, ശകലിതഹൃദയന്മാർ=മാറു നുറുങ്ങിയവർ, സരഭസം=വേഗം, അധിരണം=യുദ്ധത്തിൽ, അവനി=ഭൂമി, നഹിനഹി കിമപിവിവാദം (ഒട്ടും സംശയം ഇല്ല), തുംഗബലേശൻ=മഹാ ശക്തൻ, കരൂശനൃപൻ=പൌണ്ഡ്രകൻ, മംഗലലാഞ്ഛനം (ഭഗവൽചിഹ്നം) കൊണ്ടു ലാഞ്ഛിത (അടയാളപ്പെട്ട) മായിരിക്കുന്ന വേഷത്തോടുകൂടിയതു്, നിൻഗളഭംഗകരം=നിന്റെ കഴുത്തറുക്കുന്നതു്, ഇദം=ഈ, മാഗധ നരപതി=ജരാസന്ധൻ, ബാഹുപരാക്രമം=ഭുജബലം, ആഹവസീമനി=യുദ്ധത്തിൽ, അംബുധി=സമുദ്രം, ഭയഭരവേദന=വലിയ പേടിയും ദണ്ഡവും, ദുരഹംകൃതി=നിന്ദ, യുധി=യുദ്ധത്തിൽ, ധനുഷി=വില്ലിൽ,

ശ്ലോ. ൧൮. അചിരേണ തത്ര രുചിരേണ പത്രിണാ
സഹിതൌ വിദാര്യ്യ സഹിതൌ ചമൂചയൈഃ
സകലൈസ്തദംഗശകലൈരഥാശുതോ
ബലിപുഷ്ടകങ്കബലിപുഷ്ടിമാതനോൽ

അന്വയം—അഥ സഃ അചിരേണ തത്ര രുചിരേണ പത്രിണാ സകലൈഃ ചമൂചയൈഃ സഹിതൌ തൌ വിദാര്യ്യ തദംഗശകലൈഃ അശുതഃ ബലിപുഷ്ടകങ്കബലിപുഷ്ടിം ആതനോൽ.

അർത്ഥം—അനന്തരം അവൻ (കൃഷ്ണൻ) വേഗത്തിൽ അവിടെ വെച്ചു രുചിരമായിരിക്കുന്ന പത്രി(ശരം) കൊണ്ടു സകലങ്ങളായിരിക്കുന്ന ചമൂചയ (സേനാഗണം) ങ്ങളെക്കൊണ്ടു സഹിത (കൂടിയ) ന്മാരായിരിക്കുന്ന അവരെ (ഗോപുരംകാവൽക്കാരെ) വിദാരണം (പിളർപ്പു) ചെയ്തിട്ടു അവരുടെ അംഗശകല (ശരീരകഷണം) ങ്ങളെക്കൊണ്ടും അശുങ്ങളെക്കൊണ്ടും ബലിപുഷ്ട(കാക്ക) ങ്ങൾക്കും കങ്ക (കഴുവേറ) ങ്ങൾക്കും ബലി പുഷ്ടിയെ ഉണ്ടാക്കി.

കേദാരഗൌഡം — ചെമ്പട.

ശ്ലോ. ൫൦. കത്രുശത്രുമിവാസവോ വത്രൂഥിനീസമുത്ഥിതൈ-
രനന്തമാശു കല്പയന്നനന്തരം രജോഭരൈഃ
സകാശിഭൂപതി സ്തദാ സകാശ മേത്യ സത്വരം
മുരസ്യ വൈരിണം രണേനിരസ്യവാചമൂചിവാൻ.

അന്വയം—അനന്തരം കത്രുശത്രുമിവാസവഃ വത്രൂഥിനീ സമുത്ഥിതൈഃ രജോഭരൈഃ അനന്തം ആശു കല്പയൻ സകാശിഭൂപതിഃ തദാ സത്വരം സകാശം ഏത്യ രണേ മുരസ്യ വൈരിണം നിരസ്യ വാചം ഊചിവാൻ.

അൎത്ഥം—അനന്തരം കത്രുശത്രുമിയിലെ വാസവൻ (ദേവേന്ദ്രൻ, രാജാവു) വത്രൂഥിനി (സേന) യിൽ നിന്നു സമുത്ഥിത (ഉണ്ടായ) ങ്ങളായിരിക്കുന്ന രജോഭര (പൊടിക്കൂട്ടം) ങ്ങളെക്കൊണ്ടു അനന്ത (ആകാശ) ത്തെ വേഗം കല്പയന്നായി (ആകാശം പൊടിമയമാക്കീട്ടു) കാശിരാജാവിനോടുംകൂടീട്ടു അപ്പോൾ ഉടനെ അടുത്തുചെന്നിട്ടു മുരന്റെ വൈരി (കൃഷ്ണൻ) യെ നിരസിച്ചിട്ടു (നിന്ദിച്ചു) വാക്കിനെ പറഞ്ഞു (ശകാരിച്ചു.)

പദം— പാടവമോടടർചെയ്യുതിന്നിഹ യദുകീടാ!
വിരവിൽ വാടാ!
കുടിലതകൊണ്ടുനീയും നടനെന്നപോലെ ഭാവം
നടിച്ചു നമ്മുടേരൂപം ധരിച്ചതെല്ലാം
ഝടിതികളഞ്ഞിന്നഭിലഷിതം ജീവിതമെങ്കിൽ
വടിവിനൊടടിമലർ തൊഴുതിടുക— പാടവ
ചതിച്ചു മാതുലൻതന്നെവധിച്ചു വീരവാദങ്ങൾ
വദിച്ചു മദമിയന്നു വസിച്ചനിന്നെ
കൊതിച്ചു കാണ്മതിനനുലഭിച്ചു ബാണങ്ങൾക്കുനീ
ഭവിച്ചു പാരണയായി ധരിച്ചുകൊൾക— പാടവ
തരത്തിലൊത്തവനെങ്കിൽ കരത്തിൻലാഘവംകാണാം
കരുത്തുനടിച്ചിങ്ങെന്നോടെതിർത്തനിന്റെ
കഴുത്തു വാളുകൊണ്ടുടനറുത്തു പതത്രികൾക്കു
കൊടുത്തവരുടെതൃപ്തി വരുത്തീടുവൻ,
പാടവമോടടർചെയ്യുതിന്നിഹ നൃപകീടാ!
വിരവിൽ വാടാ!

അമർത്ത്യന്മാരെയുമെല്ലാമമർത്ത്യവാൻ രണഭുവി
സമർത്ഥനാമെന്റെ ബലം സഹിച്ചുനില്പാൻ
ധരിത്രിയിലില്ലൊരുത്തൻ കിമർത്ഥം മത്തമോഹിച്ചു
വികത്ഥനം ചെയ്തീടുന്നു വിവിധമഹോ— പാടവ

നിനക്കു ചിലരെപ്പോരിൽ ജയിച്ചിട്ടുള്ളൊരുമദ
മെതിർക്കിലെന്നോടിന്നിഹ നിരർത്ഥകമാം
തരുക്കളെയിളക്കുവാൻ നിമിത്തമാരുതവേഗം
ഫലിക്കുമോ പറകനീ ഗിരിശിഖരേ— പാടവ

അർത്ഥം—പാടവം=സാമർത്ഥ്യം, യദുകീടാ!=യദുവാകുന്നപുഴ, നി
സ്സാര, കുടിലത=കൌടില്യം, ജീവിതം അഭിലഷിതമെങ്കിൽ (ജീവിച്ചിരിക്ക
ണമെങ്കിൽ) പാരണ=പ്രാതൽ, പതത്രികൾ=പക്ഷികൾ, ധരിത്രി=ഭൂമി, കി
മർത്ഥം=എന്തിനായിക്കൊണ്ടു്, വികത്ഥനം ചെയ്ക=വെറുതെ പറക, തരു . . .
ശിഖരെ (കൊടുങ്കാററിനു വൃക്ഷങ്ങളെ ഇളക്കിമറിക്കാൻ കഴിയുമെങ്കിലും പർവ്വ
തശിഖരങ്ങളെയിളക്കുവാൻ സാധിക്കയില്ല)

ശ്ലോ. ൫൩. നികൃത്താതിമത്തേഭരക്തൌഘതൃപ്ത-
പ്രമത്തോന്നതോത്താളവേതാളനൃത്തേ
കരുശാധിനാഥോ രണേ ശൌരിണാഥോ
രുഷാ നായി നിദ്രാമനുത്ഥാനമുദ്രാം.

അന്വയം—അഥ നികൃത്താതിമത്തേഭരക്തൌഘതൃപ്ത പ്രമത്തോന്ന
തോത്താളവേതാളനൃത്തേ രണേ ശൌരിണാ കുരുശാധിനാഥഃ രുഷാ അനു
ത്ഥാനമുദ്രാം നിദ്രാം അനായി.

അർത്ഥം അനന്തരം നികൃത്ത (ഛേദിപ്പിക്കപ്പെട്ട) ങ്ങളായിരിക്കുന്ന
അതിമത്തേഭ (അധികം മദിച്ച ഗജ) ങ്ങളുടെ രക്തൌഘ (ചോരക്കൂട്ട) ങ്ങ
ളെക്കൊണ്ടു തൃപ്ത (തൃപ്തിയോടുകൂടിയ) ങ്ങളായും പ്രമത്ത (പ്രമാദം, ലഹരാ
യെ പ്രാപിച്ച) ങ്ങളായും ഉന്നതോത്താള (ഉച്ചത്തിൽ തുള്ളിച്ചാടുന്ന) ങ്ങളി
യും ഇരിക്കുന്ന വേതാള (ഭൂതപ്രേത) ങ്ങളുടെ നൃത്തത്തോടുകൂടിയ രണ (യു
ദ്ധ) ത്തിൽ ശൌരി (കൃഷ്ണൻ, കർത്താവു) യാൽ കുരുശാധിനാഥൻ (കർമ്മം)
രുട്ടു (കോപം) കൊണ്ടു അനുത്ഥാനമുദ്രയായിരിക്കുന്ന നിദ്ര (മരണം) യെ ന
യിപ്പിക്കപ്പെട്ടു (പ്രാപിപ്പിച്ചു).

ഖണ്ഡാരം—ചമ്പ.

ശ്ലോ. ൫൪. ശിതശരേണ രണേ മുരവൈരിണാ
ഹതശിരോധി വിധായ നിപാതിതം

വിരചയന്നധികാധി സുദക്ഷിണോ
വിലപനം പിതുരാനന മാദദേ.

അൎത്ഥം—സുദക്ഷിണഃ രണേ മുരവൈരിണാ ശിതശരേണ ഹതശിരോധി വിധായ നിപാതിതം പിതുഃ ആനനം അധികാധി വിലപനം വിരചയൻ ആദദേ.

അൎത്ഥം—സുദക്ഷിണൻ രണ (യുദ്ധ) ത്തിൽ മുരവൈരി (കൃഷ്ണ) യാൽ ശിത (കൂൎത്ത) ശരംകൊണ്ടു ഹതശിരോധിയാക്കി നിപാതിത (കഴുത്തുമുറിഞ്ഞു വീഴ്ത്തിയ) മായിരിക്കുന്ന പിതാ (അപ്ഛൻ) വിൻെറ ആനന (മുഖ) ത്തെ അധികം ആധിയോടു വിലപനത്തെ വിരചയന്നായി നിലവിളിച്ചുംകൊണ്ടു ആദാനംചെയ്തു (എടുത്തു).

പദം— ഹാ! ഹന്ത! കിന്തു കരണീയമധുനാ,
മിളിതാളികുന്തളം ലളിതമാമാനനം
വിലസുന്ന ഗതനാളനളിനംപോലെ,
മന്ദഹസിതംകൊണ്ടു മധുരതരമാമിതു
സാന്ദ്രരുധിരാസാരസംഭൃതമഹോ,
അതിവിമലതളിമമതിൽ അതിശയിതമാമിതു
ക്ഷിതിതലേ കാണ്കെബത ക്ഷീണശോഭം,
അദ്രിജാനാഥചരണാൎച്ചനംചെയ്തുഞാൻ
വിദ്രുതംവാങ്ങിവരമത്രൈവ വരുവൻ,
ഇക്ഷണംകാണ്മാം സുദക്ഷിണപരാക്രമം,
ധൂൎത്തനാം ദേവകീപുത്രനേ രണശിരസി
മിത്രസുതപത്തനേ ചേൎത്തിടുന്നേൻ— ഇക്ഷണം

അൎത്ഥം—ഹന്ത ശബ്ദം വിഷാദാൎത്ഥത്തിൽ, കിന്തു=പിന്നെ, കരണീയം=ചെയ്യപ്പെടേണ്ടതു് അധുനാ=ഇപ്പോൾ, മിളിത (സംബന്ധ) ങ്ങളായിരിക്കുന്ന അളി (വണ്ടു) കളാകുന്ന കുന്തള (കുടുമ്മ) ങ്ങളോടുകൂടിയ, ലളിതം=മനോഹരം, ആനനം=മുഖം, ഗതനാള (തണ്ടില്ലാത്ത) മായ നളിനം (താമര), സാന്ദ്രമായ രുധിരാസാര (രക്തപ്രവാഹം) ത്താൽ സംഭൃതം (സംഭരിക്കപ്പെട്ടതു്, മുങ്ങിയിരിക്കുന്നതു്), തളിമം=തിണ്ണ, ക്ഷീണശോഭം=ശോഭകുറഞ്ഞു്, അദ്രിജാ (പാൎവ്വതി) നാഥന്റെ ചരണാൎച്ചനം=തൃപ്പാദപൂജ, വിദ്രുതം=വേഗത്തിൽ, അത്ര ഏവ=ഇവിടെത്തന്നെ, മിത്രസുതപത്തനം=നരകം; യമലോകം.

നീലാംബരി—ചമ്പ.

ശ്ലോ. ൧൨. താവൽസോപിസുദക്ഷിണോനിജപിതുഃ
കൃത്വാശിരോവഹ്നിസാ-
ദാവിർബ്ബാഷ്പമനന്തമാശ്രു ജഡധീ-
രന്തന്നിനീഷൻ ഹരിം
സന്താനംചരണാംബുജപ്രണയിനാം
സഞ്ചിന്തയൻധൂർജ്ജടിം
പാദാംഗുഷ്ഠനിപീഡിതക്ഷിതിതപ-
ശ്ചക്രേമഹാവിക്രമഃ.

അന്വയം—താവൽ മഹാവിക്രമഃ സഃ സുദക്ഷിണഃ അപിജഡധീഃ നിജപിതുഃ ശിരഃ വഹ്നിസാൽകൃത്വാ ആശു ഹരിം അനന്തം ആവിർബ്ബാഷ്പം അന്തം നിനീഷൻ ചരണാംബുജപ്രണയിനാം സന്താനം ധൂർജടിം സഞ്ചിന്തയൻ പാദാംഗുഷ്ഠനിപീഡിതക്ഷിതിതപഃ ചക്രേ

അർത്ഥം—അപ്പോൾ മഹാവിക്രമനായ ആ സുദക്ഷിണൻ ആകട്ടെ ജഡധീ (ജഡബുദ്ധി; ചൈതന്യമില്ലാത്തതുജഡം) യായി നിജ (തന്റെ) പിതാവിന്റെ ശിരസ്സിനെ ഭസ്മമാക്കിട്ട് വേഗത്തിൽ ഹരിയെ അനന്ത (അവസാനമില്ലാത്ത) മായിരിക്കുന്ന ആവിർബ്ബാഷ്പ (കണ്ണുനീർ) ത്തെയും അന്ത (മരണ) ത്തെയും നയിപ്പിപ്പാൻ ഇച്ഛയോടു കൂടിയവനായി ചരണാംബുജ (താമരപോലെയുള്ള പാദം) ത്തെ പ്രാപിക്കുന്നവൎക്ക് സന്താന (കല്പവൃക്ഷ) മായും ഇരിക്കുന്ന ധൂർജടി (ശിവൻ) യെ സഞ്ചിന്തയന്നായിട്ട് (നല്ലവണ്ണം സ്മരിച്ചിട്ട്) പാദാംഗുഷ്ഠ (കാലിലെ പെരുവിരൽ) ത്താൽ നിപീഡിതയായ ക്ഷിതിയോടുകൂടിയിരിക്കുന്ന തപസ്സിനെച്ചെയ്തു, (പെരുവിരലിൽതന്നെ നിന്നു തപസ്സുചെയ്തു).

പദം— ചന്ദ്രാവതംസ! ജയ ശംഭോ!
വന്ദാരുമന്ദാര! വിതരമമശംഭോ!— ചന്ദ്രാവ,
ശരദിന്ദുരുചിരുചിരദേഹ! സകലസുരവൃന്ദനത!
വിഗതമോഹ! ദരമുകുളനയന! ശിഖിവിഹിത
[പുരദാഹ— ചന്ദ്രാവ,
ശമധനമുനീന്ദ്രപരിവാരസതത! ശരണാഗതാവന
[വിഹാര!
കമനീയരൂപ! കൃതമനസിജനികാര!— ചന്ദ്രാവ,
കരുണാവിദേഹിമയിദീനേ

തുഹിനധരണീധരാത്മജാജാനേ!
ചരണാദൃതേകിമപി ശരണം നജാനേ!— ചന്ദ്രാവ,

അൎത്ഥം —ചന്ദ്രാവതംസ!=ചന്ദ്രഭൂഷണ!, വന്ദാരുകൎക്ക (വന്ദിക്കുന്നവൎക്ക) മന്ദാര (കല്പവൃക്ഷ) വിതര (വിതരണംചെയ്യാലും; തന്നാലും) ശരദിന്ദുരുചിരുചിരദേഹ! (ശരൽക്കാലത്തിലെ ചന്ദ്രനെപ്പോലെ മനോഹരമായ ശരീരത്തോടുകൂടിയവനേ) ദരമുകുളനയന! (കുറഞ്ഞൊന്നു തുറന്നിരിക്കുന്ന കണ്ണോടുകൂടിയവനേ) ; മൂന്നാംതൃക്കണ്ണു എല്ലായ്പോഴും തുറന്നിരിക്കുകയാണല്ലോ. ശിഖിവിഹിതപുരദാഹ! (അഗ്നികൊണ്ടു പുരാസുരദഹനം ചെയ്തിട്ടുള്ളവനേ) കമനീയം=സുന്ദരം, കൃതമനസിജനികാര=കാമദഹന, വിദേഹി (ലോ. പ. മ. പു. ഏ വ. ദാനം ചെയ്യാലും, തന്നാലും) മയി=എന്നിൽ, തുഹിനധരണീധര (ഹിമവാൻ) ന്റെ ആത്മജാ (മകൾ) ജാനി (ഭാൎയ്യ) യായിട്ടുള്ളവനേ'; ശിവൻ; ചരണാൽ ഋതേ = തൃപ്പാദമല്ലാതെ, നജാനേ=ഞാൻ അറിയുന്നില്ല, ജാനേ, ല. ആ. ഉ. പു. ഏ. വ.

ശ്ലോ. ൧൯. വാമാങ്കഭാഗാചലരാജസുതാകടാക്ഷ-
ദാമാഞ്ചിതഃ പരിപിശംഗജടാകലാപഃ
ഭസ്മാംഗരാഗപരികൎമ്മിതനിൎമ്മലാംഗഃ
പ്രാദുൎബ്ബഭൂവഭഗവാനഥചന്ദ്രചൂഡഃ.

അന്വയം — അഥ ചന്ദ്രചൂഡഃ ഭഗവാൻ വാമാങ്കഭാഗാചലരാജസുതാകടാക്ഷ ദാമാഞ്ചിതഃ പരിപിശംഗജടാകലാപഃ ഭസ്മാംഗരാഗപരികൎമ്മിതനിൎമ്മലാംഗഃ പ്രാദുൎബ്ബഭൂവ.

അൎത്ഥം അനന്തരം ചന്ദ്രചൂഡനാകുന്ന ഭഗവാൻ (പരമേശ്വരൻ) വാമാങ്കഭാഗ (ഇടത്തുപുറം) ത്തു സ്ഥിതിചെയ്യുന്ന അചലരാജസുത (പാൎവ്വതി) യുടെ ദാമ (കയറു) ങ്ങളെക്കൊണ്ടു അഞ്ചിത (കെട്ടപ്പെട്ട) നായി പരിപിശംഗി (നല്ല പാകംവന്നതു്, പിംഗളവൎണ്ണം) കളായിരിക്കുന്ന ജടകളാകുന്ന കലാപ (ഭൂഷണ) ത്തോടുകൂടിയവനായി, ഭസ്മാംഗരാഗ (ഭസ്മക്കുറി) ത്താൽ പരികൎമ്മിത (പൂശപ്പെട്ട) മായിരിക്കുന്ന നിൎമ്മലാംഗ (ധവളദേഹ) നായിട്ടു പ്രാദുൎഭവിച്ചു; പ്രത്യക്ഷമായി.

ഇന്ദളം.

ശ്ലോ. ൨൦. സന്തുഷ്ടസ്തപസാഹമിഷ്ടവരദ-
സ്തീവ്രേണതേഭ്രാപതേ!
തുൎണ്ണം ദക്ഷിണമാഭിചാരവിധിനാ
വഹ്നിം സമാരാധ്യ

സങ്കല്പംതവസാധയിഷ്യതിതതഃ
പ്രോത്ഥിഷ്ണുമാനോനിജൈ-
ർവ്വിശ്വപ്ലോഷകരൈഃ കരൈസ്ത്രിഭുവനം
പ്രാവൃത്യകൃത്യാനലഃ.

അന്വയം—(ഹേ) ഭൂപതേ! തേ തീവ്രേണതപസാ അഹം സന്തുഷ്ടഃ ഇഷ്ടവരദഃ (അസ്മി); (ത്വം) തൂർണ്ണം ദക്ഷിണം വഹ്നിം ആഭിചാരവിധിനാ സമാരാധയ; തതഃ പ്രോത്ഥിഷ്ണുമാനഃ കൃത്യാനലഃ നിജൈഃ വിശ്വപ്ലോഷകരൈഃ കരൈഃ ത്രിഭുവനം പ്രാവൃത്യതവസങ്കല്പം സാധയിഷ്യതി.

അൎത്ഥം—അല്ലയോ ഭൂപതി! (രാജാവേ) അങ്ങയുടെ തീവ്ര (ഭയങ്കര) മായിരിക്കുന്ന തപസ്സുകൊണ്ടു ഞാൻ സന്തുഷ്ടനായി ഇഷ്ടവരദ (ഇഷ്ടങ്ങളായ വരങ്ങളെ കൊടുക്കുന്നവൻ) നായി ഭവിക്കുന്നു; അങ്ങു വേഗത്തിൽ ദക്ഷിണ (സാൎത്ഥ) മായിരിക്കുന്ന വഹ്നി (അഗ്നി) യെ ആഭിചാരവിധി (ആഭിചാരകൎമ്മം) കൊണ്ടു സമാരാധിച്ചാലും (ആഭിചാരപ്രവൃത്തികൊണ്ടു് അഗ്നിയിൽ ഒരു ഹോമം ചെയ്താലും) അതിൽ (അഗ്നി) നിന്നു പ്രോത്ഥിഷ്ണുമാന (പ്രകൎഷേണ, അതിശയേന ഉത്ഥാനം ചെയ്യപ്പെടുന്ന, പൊങ്ങുന്ന) നായിരിക്കുന്നകൃത്യാനലൻ (കൃത്യാഗ്നി) നിജങ്ങളായി വിശ്വപ്ലോഷകര (ലോകഭയങ്കര) ങ്ങളായിരിക്കുന്ന കര (രശ്മി, ജ്വാല) ങ്ങളെക്കൊണ്ടു ത്രിഭുവന (മൂന്നുലോക) ത്തെ പ്രാവരണംചെയ്തിട്ടു് അങ്ങയുടെ സങ്കല്പ (വിചാര) ത്തെ സാധിപ്പിക്കും.

സൌരാഷ്ട്രം—അടന്ത.

ശ്ലോ. ൨൧. പ്രാജ്ഞ്യേ രാജ്ഞ്യേസ്തദാനീം നിജകുലഗുരുണാ
സാദരം ഹൂയമാനാ-
ദ്വഹ്നേ രഹ്നായ ജംഘായുഗഗരിമഭരാൽ
കമ്പയന്തീ ജഗന്തി
ഝമ്പാസമ്പാതശങ്കാം നഭസി വിദധതീ
സസ്ഫുലിംഗൈരപാംഗൈഃ
കൃത്യാകൃത്യാ കരാളാപ്രമഥപരിവൃഢൈ-
ൎമ്മേദുരാ പ്രാദുരാസീൽ.

അന്വയം—തദാനീം പ്രാജ്ഞ്യേ ആജ്ഞ്യേ നിജകുലഗുരുണാ സാദരം ഹൂയമാനാൽ വഹ്നേഃ അഹ്നായ കൃത്യാ ജംഘായുഗഗരിമഭരാൽ ജഗന്തി കമ്പയന്തി സസ്ഫുലിംഗൈഃ അപാംഗൈഃ നഭസി ഝമ്പാസമ്പാതശങ്കാം വിദധതീ അകൃത്യാകരാളാ പ്രമഥപരിവൃഢൈഃ മേദുരാ പ്രാദുരാസീൽ.

അൎത്ഥം—അപ്പോൾ പ്രാജ്യ (പ്രശസ്ത) ങ്ങളായിരിക്കുന്ന ആജ്യ (നെയ്യ്) ങ്ങളെകൊണ്ടു യജ (തൎൻ) മായിരിക്കുന്ന കുലഗുരു (പുരോഹിത) വിനാൽ ആദരത്തോടുകൂടി ഹൂയമാന (ഹോമിക്കപ്പെടുന്ന) മായിരിക്കുന്ന വഹ്നി (അഗ്നി) യിങ്കൽ നിന്നു് ഉടനേ കൃത്യാ, ജംഘായുഗത്തിന്റെ ഗരിമഭരം (വലിയഭാരം) ഹേതുവായിട്ടു ജഗത്തുകളെ (ലോകങ്ങളെ) കമ്പയന്തീ (വിറപ്പിക്കുന്ന) യായി സസ്ഫുലിംഗ (തീപ്പൊരിയോടുകൂടിയ) ങ്ങളായിരിക്കുന്ന അപാംഗ (കടക്കണ്ണുകളെകൊണ്ടുള്ള നോട്ട) ങ്ങളെക്കൊണ്ടു നഭസ്സി (ആകാശ)ൽ ചമ്പാസമ്പാതശങ്ക (ഇടിത്തീയ്യ് മിന്നൽ വീഴുക എന്നുള്ള സംശയം) യെ ഉണ്ടാക്കുന്നവളായി ആകൃത്യാകരാള (കരാളാകൃതി, അതിഭയങ്കരി) യായി പ്രമഥ (ഭൂത) ങ്ങളാകുന്ന പരിവൃഢ (യജമാനൻ) ന്മാരോടുംകൂടിയവളായി പ്രാദുൎഭവിച്ചു (പ്രത്യക്ഷമായി).

പദം— എന്തുനിന്നുടെ ചിന്തിതമെന്നതു
ഹന്ത! ചൊൽക നീയെന്നോടുവൈകാതെ
എന്തെന്നാലുമതുസാധിച്ചീടുവാ
നന്തരായം നമുക്കില്ല ഭൂപതേ,
ഇത്രിലോകങ്ങളെക്കല്പകാലത്തു
നേത്രവഹ്നിയിലാഹുതിചെയ്യുന്ന
ഗോത്രജാപതിയായ ഭഗവാന്റെ
ഭൃത്യയെന്നു ധരിക്കണമെന്നെ നീ,
ചണ്ഡവിക്രമയാകും മമ ഭുജ
ദണ്ഡുംകൊണ്ടു പിടിച്ചു നീബന്ധിച്ചു
ചണ്ഡദീധിതനെയോ ചൊല്ലുകാ
ഖണ്ഡലനെയോ കൊണ്ടുവരേണ്ടതു്,
വിപ്രിയംചെയ്ത ഗോപനൃശംസനെ
ക്ഷിപ്രമങ്ങു ഗമിച്ചുഹനിക്ക നീ
മൽപ്രിയമതുതന്നെ ധരിക്കേണം
ദീപ്രപാവകഘോരതരാകൃതേ!,
വിഷ്ടപങ്ങൾ ഭയേന നടുങ്ങുമാറട്ടഹാസം
ചെയ്തോട്ടും മടിയാതെ
ദുഷ്ടനാകുമവന്റെ കളേബരം
പിഷ്ടമാക്കുവനില്ലൊരു സംശയം,

അർത്ഥം — ചിന്തിതം=അഭിപ്രായം അന്തരായം=തടസ്ഥം, ഗോത്രജാപതി=ശിവൻ, ചണ്ഡവിക്രമം=ക്രൂരപരാക്രമ, ഭുജദണ്ഡം=കൈയാകുന്ന വടി, ചണ്ഡദീധിതി=സൂര്യൻ, ആഖണ്ഡലൻ=ദേവേന്ദ്രൻ, വിപ്രിയം=അഹിതം, നൃശംസൻ=ക്രൂരൻ, ദീപ്ര (എരിയുന്ന) മായിരിക്കുന്ന പാവക (അഗ്നി) യെപ്പോലെ ഘോരതരയായ ആകൃതിയോടുകൂടിയവളെ, വിഷ്ടപം=ഭുവനം, കളേബരം=ശരീരം, പിഷ്ടമാക്കം=പൊടിയാക്കം,

ശങ്കരാഭരണം—അടന്ത.

ശ്ലോ. ൨൨, തസ്മിൻ കാലേ ദ്വാരകാമാവസന്ത-
സ്സന്ത സ്സർവ്വേ ഭൂസുരാ ശ്ലാഘ്യകൃത്യാഃ
കൃത്യാമാരാൽ ഭൂതസംഘൈ സ്സമേതാ-
മേതാമാശ്വപ്രേക്ഷ്യ ചിന്താം വിതേനുഃ.

അന്വയം - തസ്മിൻ കാലേ ദ്വാരകാം ആവസന്തഃ സന്തഃ ശ്ലാഘ്യകൃത്യാഃ സർവ്വേ ഭൂസുരാഃ ഭൂതസംഘൈഃ സമേതാം ഏതാം കൃത്യാം ആരാൽ പ്രേക്ഷ്യ ആശു ചിന്താം വിതേനുഃ

അർത്ഥം— ആ സമയത്തു ദ്വാരകയിൽ ആവസിക്കുന്നവരായി സത്തുക്കളായിരിക്കുന്ന എല്ലാ ഭൂസുര (ബ്രാഹ്മണ) ന്മാരും ഭൂതസംഘങ്ങളോടുകൂടെ വരുന്ന ഈ കൃത്യയെ ദൂരെവെച്ചു പ്രേക്ഷണം ചെയ്തിട്ടു (കണ്ടിട്ടു) ഉടനേ ചിന്തയെ ചെയ്തു (വിചാരിച്ചു).

പദം— എന്തഹോ! ഭൂസുരന്മാരേ! എന്തഹോ!,
ചണ്ഡമാരുതൻ വരുന്നു ഗജദണ്ഡമാകെ ഇളകുന്നു
ഖഗഷണ്ഡമോടവനിമണ്ഡലേ
വിടപിമണ്ഡലങ്ങളിതകാണ്ഡേ
വീണീടുന്നതു് —എന്തഹോ,
ഹന്ത! ധൂളിഘനജാലം ദിവിസന്തതം ജലദനീലം
ബഹുലാന്ധകാരപടബന്ധനേനപരമന്ധരൂപമാ-
യ്സുന്ധരാതലമിതു് —എന്തഹോ
കിന്തു ദീധിതിനികായം വ്യാദിചിന്തിച്ചീടുകിലമേയം,
കാൺകിലന്തകാരിയാം പുരാന്തകൻതന്നുടെ
ചെന്തീക്കണ്ണിൽനിന്നു ചിന്തുംവഹ്നിയോയിതു.
[—എന്തഹോ

ഫേതിയോടിടകലൻ ഭുജകേതുകാൺക വിലസുന്ന
ധൂമകേതുപോലെയതി ഭീതിനൽകീടുന്ന
ഭൂതമോക്കിലിതത്ഭുതപൂൎവ്വമിതു —എന്തഹോ
തീൎത്ഥപാദ! നതപാദസുര!
കീൎത്തിതാമലവിനോദ! നിൻെറ
കാൽത്തളിരിണയുമോൎത്തു വാഴും
ഞങ്ങൾക്കാൎത്തബന്ധുവാന്നീയാശ്രയം,
വരദ! പാലയ കൃപാലയ! പാലയ

അൎത്ഥം —ചണ്ഡമാരുതൻ = കൊടുങ്കാററു, ഗജദണ്ഡം = ഗജസമൂഹം, ഖഗം = പക്ഷി, അവനിമണ്ഡം = ഭൂമി, വിടപിമണ്ഡലം = വൃക്ഷക്കൂട്ടം, ധൂളിഫലനജാലം = ധാരാളം പൊടി, ദിവി = ആകാശത്തു, സന്തതം = എപ്പോഴും, ജലദനീലം = മേഘങ്ങളെക്കൊണ്ടു നീലം, ബഹുളാന്ധകാര (കൂരിരുട്ടു) പടബന്ധനം = വസ്ത്രക്കെട്ടു, വസുന്ധരാതലം = ഭൂമി, ദീധിതിനികായം = രശ്മിക്കൂട്ടം, ഹൃദി = മനസ്സിൽ, അമേയം = അഗണ്യം, പുരാന്തകൻ = ശിവൻ, അത്ഭുതപൂൎവ്വം = മുമ്പുണ്ടാകാത്തതു്, വരദ = വരത്തെ കൊടുക്കുന്നവനേ! പാലയ = രക്ഷിച്ചാലും.

സാരംഗം — അടന്ത.

ശ്ലോ. ൨൩. ഭ്രോപഘാപ്രാപ്യജവേനവാസു-
ഭദ്രാദൃതദ്വാരവതീമകാണ്ഡേ
രൌദ്രാകൃതിൎഘോരരവേണകൃത്യാ
വിദ്രാവയാമാസതദാ ജനൌഘാൻ.

അന്വയം —ഭ്രോപഘാകൃത്യാജവേന വാസുഭദ്രാദൃതദ്വാരവതീം അകാണ്ഡേ പ്രാപ്യരൌദ്രാകൃതിഃ തദാഘോരരവേണ ജനൌഘാൻ വിദ്രാവയാമാസ.

അൎത്ഥം —ഭ്രോപഘ (അമംഗല) യായിരിക്കുന്ന കൃത്യ വേഗത്തിൽ വാസുഭദ്രനാൽ ആദൃതയായിരിക്കുന്ന ദ്വാരവതിയെ അസംഗതിയായി പ്രാപിച്ചു രൌദ്രാകൃതിയായിട്ടു അപ്പോൾ ഘോരരവ(ഭയങ്കരശബ്ദം)ംകൊണ്ടു ജനങ്ങളെ ഒക്കെ ഓടിപ്പിച്ചു.

പല്ലവി — ആരിതാരിതസാരമനുജന്മാർ
നേരേനിൽക്കുന്നതു് — ആരിത

ഘോരഘോരവിരാവഭീഷിതവാ
രണ്യമൃഗഗണവനഭുവി
ഭീരുവാകിയ ഫേരവാവലി പോലവേ
മരുവീടുമോ ബത! — ആരിത

ക്രുദ്ധമത്ത ശരങ്ങളേററകതാരിലാർത്തിക
ലൻ പോരിനന്നേത്ത്യൂത്ത സമസ്തവൈരികൾ
പാർത്തിടും സമവർത്തിപുരമതിൽ— ആരിത

രുദ്രകിങ്കർ ബാഹുവിക്രമമദ്രി
കൾക്കു മസഹ്യമെന്നതു
വിദ്രുതം കരുതാത്തിലോ രുധി
രാർദ്രരായ് ഭുവി വീണിടും ദ്രുതം— ആരിത

കാലനെന്നോടെതിർക്കിലും കലഹേ
മടങ്ങുമതോർക്കണം
ഹൃദികാകഥാമമ വൈരിജാല പലാല
രാശിയോടേശുകിൽപുനഃ — ആരിത

അർത്ഥം - അസാരമനുജന്മാർ=നിസ്സാരന്മാരായ മനുഷ്യർ, ഘോരഘോരവനഭുവി=സിംഹം കാട്ടാന മുതലായ ജന്തുക്കളുടെ അതിഭയങ്കരങ്ങളായ ശബ്ദങ്ങളോടുകൂടിയ കാട്ടിൽ, ഭീരു=സ്വതേ പേടിയുള്ള, ഫേരവാവലി=കുറുക്കന്മാരുടെ കൂട്ട, സമവർത്തിപുരം=അന്തകരാജധാനി, രുധിരാർദ്രർ=ചോരകൊണ്ടു നനഞ്ഞവർ, വൈരിജാല (ശത്രുഗണ) മാകുന്ന പലാലരാശി (വയ്ക്കോൽക്കൂട്ട)ത്തോടു ഏശുകിൽ, മമകാ കഥാ=എന്റെ കഥയെന്താണ്?

ശ്ലോ. ൨൪. ഭാസ്വൽ ഭാസ്വരഭാസുരാരനികര-
പ്രോൽഗളത്തുംഗസ്രവശ്ശടാ-
സല്ലക്ഷ്ണപ്തകരാളമാംസളതമോ-
ഭംഗംരഥാംഗാഭിധം
വൈകുണ്ഠസ്യസുരാരികണ്ഠകദളീ-
കാണ്ഡാടവീകർത്തന-
ക്രീഡാജസ്രവിനോദസാധകമതഃ
പ്രാദുർബ്ബഭൂവായുധം.

അന്വയം - ഭാസ്വൽഭാസ്കരഭാസുരാഗ്നികണപ്രോൽഗച്ഛദുസ്രച്ഛടാസന്ദൃക്ഷിപ്തകരാളമാംസളതമോഭംഗം സുരാരികണ്ഠകന്ദളീകാണ്ഡവാടവീകൃത്തനക്രീഡാജസ്രവിനോദസാധകം വൈകുണ്ഠസ്യ രഥാംഗാഭിധം ആയുധം അതഃ പ്രാദുർബഭൂവ.

അർത്ഥം - ഭാസ്വത്താ (പ്രകാശിക്കുന്ന) യിരിക്കുന്ന ഭാസ്കര (സൂര്യനെപ്പോലെ) ഭാസുര (പ്രകാശിക്കുന്ന) ങ്ങളായിരിക്കുന്ന അഗ്നികണ (അരങ്ങലുകൾ) ങ്ങളിൽനിന്നു പ്രോൽഗമിക്കുന്ന (പുറപ്പെടുന്ന) ഉസ്രച്ഛടകളെ (ജ്വാലകൾ) കൊണ്ടു സന്ദൃക്ഷിപ്ത (ഉദ്ദീപിതമായ) മായി കരാള (ഭയങ്കര) മായിരിക്കുന്ന മാംസളതമസ്സിന്റെ (ക്രൂരത) ഭംഗമായി, സുരാരികണ്ഠ (അസുരന്മാരുടെ കഴുത്തു) മാകുന്ന കന്ദളീകാണ്ഡവാടവി (കദളീവന) യുടെ കൃത്തനക്രീഡയിൽ (മുറിച്ചുകളിക്ക) അജസ്രവിനോദസാധക (എല്ലായ്പോഴും ഉത്സാഹത്തോടുകൂടിയതു) മായിരിക്കുന്ന വൈകുണ്ഠ (കൃഷ്ണ) ന്റെ രഥാംഗാഭിധ (ചക്രം എന്നു പേരുള്ള) മാകുന്ന ആയുധം ഇതു ഹേതുവായിട്ടു പ്രാദുർബ്ഭവിച്ചു (പ്രത്യക്ഷമായി).

മലഹരി — ചമ്പ.

ശ്ലോ. ൨൭. സ്മേരൈരംബുജകോരകൈരനുദിനം
പത്മാകരേണാദരാൽ
സാമോദം വിഹിതാർഹണേന ഭജതാ
വിഷ്ണോഃ പദം ശാശ്വതം
സൂര്യേണേവ സുദർശനേന സഹസാ
സംഹൃത്യ കൃത്യാനലം
വൈകുണ്ഠസ്യ പദോപകണ്ഠസരണൗ
ചക്രേണ ചക്രേ പദം.

അന്വയം — സ്മേരൈഃ അംബുജകോരകൈഃ അനുദിനം പത്മാകരേണ ആദരാൽ സാമോദം വിഹിതാർഹണേന വിഷ്ണോഃ ശാശ്വതം പദം ഭജതാ സുദർശനേന ചക്രേണ സൂര്യേണ ഇവ സഹസാ വൈകുണ്ഠസ്യ പദോപകണ്ഠസരണൗ പദം ചക്രേ.

അർത്ഥം - സ്മേര (മനോഹര) ങ്ങളായിരിക്കുന്ന അംബുജകോരക (താമരമൊട്ടു) ങ്ങളെക്കൊണ്ടു ദിവസംതോറും പത്മ (മഹാലക്ഷ്മി) യുടെ കര (കയ്യ്) ത്താൽ ആദരവോടും സന്തോഷത്തോടും വിഹിതാർഹണ (പൂജിക്കപ്പെടുന്ന) മായി വിഷ്ണുവിന്റെ ശാശ്വത(നിത്യ) മായ പദത്തെ ഭജതാ (സേവിക്ക) യിരിക്കുന്ന സുദർശനചക്രത്താൽ സൂര്യനാൽ എന്നപോലെ ഉടനെ വൈകുണ്ഠന്റെ പദോപകണ്ഠസരണി (തൃപ്പാദത്തിനടുത്തു) യിൽ പദം ചെയ്യപ്പെട്ടു (ചെന്നു നിന്നു).

പദം — ശ്രീവാസുദേവ! ജയ ശൌരേ!
ശ്രീമുഖാംബുജകേളിലോലലോലംബ!— ശ്രീ
ഭക്തപരിപാലനം പരിചിനൊടു ചെയ്യുതിനു
ചിത്രമാംരൂപമിതു കൈക്കൊണ്ടതും
സത്യമൂൎത്തേ! നിൻെറ മായാനുഭാവേന
മൎത്ത്യനെന്നഖിലരും മനനംചെയ്യുന്നു— ശ്രീ
കാൎയ്യകാരണങ്ങൾക്കു കാരണനായനിന്നാൽ
പ്രേൎയ്യമാണയാകുമ്പോൾ ദേവി മായാ
വീൎയ്യയുതയായി വിശ്വം നിൎമ്മിതിചെയ്യുമെ
ന്നാൎയ്യന്മാരുടെ വാദമാനന്ദമൂൎത്തേ!— ശ്രീ
ഉഗ്രവിക്രമയാകും മാഹേശകൃത്യയെ
വേഗേനവെന്നു ഞാനും
ദുൎഗ്ഗഗോപുരപുരി പൌരവരോടും
കൂടെ നിഗ്രഹംചെയ്തു
സുദക്ഷിണനെ തന്നെയും— ശ്രീ

അൎത്ഥം—മൎത്ത്യൻ=മനുഷ്യൻ, മനനംചെയ്യുന്നു=വിചാരിക്കുന്നു, പ്രേൎയ്യമാണ=നിയുക്ത, വിശ്വം=ലോകം, നിൎമ്മിതി=സൃഷ്ടി, മാഹേശകൃത്യ=ശിവസംബന്ധിയായ കൃത്യ,

ശ്ലോ. വന്നു. ദൃഷ്ട്വം തം സമരേ കരുശനൃപതിം
കീനാശഗേഹാതിഥിം
കൃത്വാ കാശിനൃപേണ സാകമമരൈഃ
പുഷ്പൈരഥാഭ്യൎച്ചിതഃ
കൃത്യാഗ്നേൎഭയ മുത്ഥിതം പ്രശമയൻ
സ്വാനാം ജനാനാം പുന-
ശ്ചക്രേണാമിതവിക്രമോസ്തു ജഗതാം
മോദായ ദാമോദരഃ.

അന്വയം — അഥ സമരേ ചക്രേണ ദൃപ്തം തം കരൂശനൃപതിം കാശിനൃപേണ സാകം കീനാശഗേഹാതിഥിം കൃത്വാ അമരൈഃ പുഷ്പൈഃ അഭ്യർച്ചിതഃ സ്വാനാം ജനാനാം കൃത്യാഗ്നേഃ ഉത്ഥിതം ഭയം പ്രശമയൻ അമിതവിക്രമഃ ദാമോദരഃ ച പുനഃ ജഗതാംമോദായ അസ്തു.

അർത്ഥം — അനന്തരം സമര (യുദ്ധ) ത്തിൽ ചക്രംകൊണ്ടു, ദൃപ്ത (ഗർവിഷ്ഠ) നായിരിക്കുന്ന ആ കരൂശനൃപതി (പൌണ്ഡ്രക) യെ കാശിനൃപ (കാശിരാജാവു) നോടുകൂടെ കീനാശഗേഹ (അന്തകരാജധാനി) ത്തിലെ അതിഥി (വഴിപോക്ക) യാക്കിച്ചെയ്തിട്ടു അമര (ദേവ) ന്മാരാൽ പുഷ്പങ്ങളെക്കൊണ്ടു് അഭ്യർച്ചിത (പൂജിക്കപ്പെട്ട) നായി സ്വ (തന്റെ) ങ്ങളായിരിക്കുന്ന ജനങ്ങളുടെ കൃത്യാഗ്നിയിങ്കൽ നിന്നു് ഉത്ഥിത (ഉണ്ടായ) ഭയത്തെ പ്രശമയന്നായി (ശമിപ്പിച്ചിട്ടു) അമിതവിക്രമ (വളരെ പരാക്രമ) നായിരിക്കുന്ന ദാമോദര (കൃഷ്ണ) നാകട്ടെ പിന്നെ ജഗത്തു (ജനങ്ങൾ) കളുടെ മോദ (സന്തോഷ) ത്തിനായിക്കൊണ്ടു ഭവിക്കട്ടെ.

ശുഭം.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00004196
T61 K81

T61
K81

Indic Digital Archive Foundation
gpura.org